Registered No. M-4485 Madras War Review, Malayalam—19-1-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ജനുവരി 19-ാംനു, വെള്ളിയാഴ്ച [ലക്കം 19



## മദിരാശിക്കാർ ചെയ്യുന്ന സവിശേഷസേവനം

മദിരാശിക്കാരായ പട്ടാളക്കാർ ആഹ്ലാദചിത്തരാണു്; അവർ ഒരു വിശിഷ്ടകൃത്യം നിർവ്വഹിച്ചിട്ടുണ്ടു്; നിർവ്വഹിച്ചുവരുന്നുമുണ്ടു്. അവർ ചെയ്യു ജോലികളെക്കുറിച്ചും, നാം അവക്കു ചെയ്യു ആനുകൂല്യങ്ങളെക്കുറിച്ചും മദ്രാസിലെ ജനങ്ങൾക്കു് എല്ലാ പ്രകാരത്തിലും അഭിമാനംകൊള്ളാവുന്നതാണു്.

കഴിഞ്ഞ രണ്ടു കൊല്ലത്തെ സ്ഥിതിഗതികളെ തീവ്രമായ വിധത്തിൽ മാററിയ വിജയങ്ങൾ നേടുന്നതിൽ മദ്രാസിഭടന്മാർ ഒരു സവിശേഷമായ പങ്കെടുത്തിട്ടുണ്ടു്. കമാൻറർ ഇൻ ചീഫ് മുതൽ താഴെയുള്ള എല്ലാവരും, മദ്രാസി ഭടന്മാരുടെ മാത്രമുള്ള ഘടകത്തിലും, കൂട്ടുഘടകങ്ങളിലും, മദ്രാസി യോദ്ധാക്കൾ ചെയ്യു വിശിഷ്ടമായ പ്രവൃത്തികളെക്കുറിച്ചു്, ഉച്ചത്തിൽ ശ്ലാഘിച്ചുവരുന്നു.

—1945 ജനുവരി 10-ാംനു, അറക്കാനിൽനിന്നു മടങ്ങിവന്നശേഷം, മദ്രാസ് ഗവർണ്ണർ എച്ച്. ഇ. സർ ആർതർ ഹോപ്പ്.

# ഇന്ത്യയുടെ പ്രസ്താവയോഗ്യമായ യുദ്ധനേട്ടം

ഇന്ത്യ ഇന്ന് ഒരാക്രമണം ആരംഭിച്ചിരിക്കയാണ്. മാത്രമല്ല, ജപ്പാന്നെതിരായിട്ടുള്ള അവസാന സംരംഭത്തിന്ന് വേണ്ട സൈനികവും, [illegible]വുമായ സൈന്യങ്ങളെയും വിമാനസേനയേയും സഹായിക്കുന്നതിന്നുള്ള ഒരു വമ്പിച്ച താവളമായി ഇന്ത്യ മാറേണ്ടിയിരിക്കുന്നു.

ഇന്ത്യക്കു മറേറതു യുദ്ധരംഗത്തേക്കാളും വിഷമം പിടിച്ച കൃത്യങ്ങളാണ് ഈ സംഗതിയിൽ ചെയ്തുതീക്കേണ്ടിയിരിക്കുന്നതു്. നിങ്ങൾക്കറിയിൽപ്പാതകളും, തുറമുഖങ്ങളും, തൂലികയുടെ ഒരൊററ ചലനംമൂലം നിർമ്മിക്കാൻ സാദ്ധ്യമല്ല. കഴിഞ്ഞ കുറച്ചു കൊല്ലങ്ങൾക്കിടയിൽ, ഈ കുറവുകൾ പരിഹരിക്കുന്നതിന്നായി ഇന്ത്യ ഭാഗീരഥപ്രയത്നം ചെയ്തുവരുന്നുണ്ട്.

അഞ്ചു കൊല്ലത്തോളമായി ഇന്ത്യ, ഉള്ളതെല്ലാംതന്നെ നൽകിക്കൊണ്ടിരിക്കുന്നു. അതേസമയത്തു, ആ രാജ്യത്തിൻെറ സ്വന്തം സൈനികാവശ്യങ്ങളെക്കൂടെ നിവൃത്തിക്കേണ്ടതായിട്ടുണ്ട്. അതു വളരെ ന്യായമാണ്. ആദ്യത്തെ കാര്യം ആദ്യം ചെയ്തു തീക്കണം—നമ്മുടെ ഊഴം വരും.

## എസ്.ഇ.എ.സി. യുടെ പ്രശ്നങ്ങളും യൂറോപ്യൻ രംഗത്തിലെ പ്രശ്നങ്ങളും തമ്മിൽ താരതമ്യപ്പെടുത്തിക്കൂടാ

"ഞാനിപ്പോൾ പറഞ്ഞതിൽനിന്നു ഇന്ത്യയും തെക്കുകിഴക്കൻ ഏഷ്യാ കമാണ്ടും (എസ്.ഇ.എ.സി.) അഭിമുഖീകരിക്കുന്ന പ്രശ്നം യൂറോപ്യൻ യുദ്ധരംഗത്തിലെ സൈനിക ഭരണകത്താക്കൾ അഭിമുഖീകരിക്കുന്നതുപോലെയുള്ളതല്ലെന്നു വ്യക്തമാവുന്നുണ്ട്.

ആരുഭൽ രണ്ടു സമരമുഖങ്ങളിലും ഉള്ളവക്കു കഴിയുന്നത്ര ആനുകൂല്യങ്ങൾ ചെയ്തുവരുന്നുണ്ട്; എന്നാൽ എല്ലാം തിരിതിയിൽ ചെയ്തു തീക്കേണ്ടിയിരിക്കുന്നു. നിമ്മാണത്തിന്നുള്ള ഇന്ത്യയുടെ ശേഷി, ഗതാഗതസൌകര്യക്കുറവുകൊണ്ടും, അസംസ്കൃത പദാത്ഥങ്ങൾ ഇല്ലായ്മയാലും, പരിമിതമായിരിക്കുന്നു.

അഞ്ചു കൊല്ലത്തോളമായി ഇന്ത്യ സവ്വപ്രകാരത്തിലും പ്രവത്തിച്ചിട്ടുണ്ട്. ഏററവും വിശേഷപ്പെട്ട നേട്ടങ്ങളും സാധിച്ചിട്ടുണ്ട്."

—ലഫ്ററ്നൻറു ജനറൽ സർ വിൽഫ്രഡ് ലിൻഡ്സൽ 1945 ജനുവരിയിൽ ലണ്ടനിൽവെച്ചു ഒരു പത്രസമ്മേളനത്തിൽ.

## ബമ്മയിൽ അത്യത്ഭുതങ്ങൾ ചെയ്യുന്നു


"ഇംഫാലിൽനിന്നു ശത്രുക്കളെ ഊരത്തിപ്പറഞ്ഞയച്ചതിന്നുശേഷം 'അസാദ്ധ്യമായ ആ കൃത്യം' ഭയങ്കരമായ വഷകാലത്തു ജപ്പാൻകാരുമായി യുദ്ധം ചെയ്യുക എന്ന കൃത്യം തുടരുന്നതിന്നു തീച്ചപ്പെടുത്തി. റോഡുകൾ തുറക്കുന്നതു ഒരു ദുരിതമായിരുന്നു; പക്ഷെ ഇന്ത്യൻ ബുൾഡോസർ ഡ്രൈവർമാർ അത്ഭുതങ്ങൾ ചെയ്തുതീത്തു. ജീപ്പിൽ 10 മയിൽ സഞ്ചരിക്കണമെങ്കിൽ, പല അവസരങ്ങളിലും, അഞ്ചു പ്രാവശ്യം ഇറങ്ങിക്കയറേണ്ടി വന്നിരുന്നു. ആ സമയത്തൊക്കെ ബുൾഡോസർകൊണ്ടേ രക്ഷയുമുണ്ടായിരുന്നുള്ളു."

—ലഫ്ററ്നൻറ് കേണൽ ടി. സി. ഡബ്ലിയു. റോ, 1945 ജനവരി 11-ാം തിയ്യതി ലണ്ടനിൽ വെച്ചു ഒരു പത്രസമ്മേളനത്തിൽ.

## മദിരാശിക്കാരുടെ വിശ്വവ്യാപകമായ പ്രഖ്യാതി

"ഈ യുദ്ധത്തിന്നു മുമ്പുതന്നെ മദ്രാസ് സാപ്പേഴ്സും മൈനേഴ്സും, ഇന്ത്യയിൽമാത്രമല്ല മറുനാടുകളിലും, പ്രഖ്യാതിയും പ്രശംസയും നേടിയിട്ടുണ്ട്. എന്നാൽ ഈ യുദ്ധത്തിലാവട്ടെ തെക്കെ ഇന്ത്യയിൽനിന്നു വന്ന ഭടന്മാർ, ആട്ടില്ലറിമെൻ, സിഗ്നലർമാർ തുടങ്ങിയ ഇന്ത്യൻ സേനയിലെ മററു പല വിഭാഗങ്ങളിലും ഏററവും നിപുണന്മാരാണെന്നു കാണിച്ചു."

—ജനറൽ ഓക്കിൻലക്ക് 1945 ജനുവരി 7-ാം തിയ്യതി തിരുവനന്തപുരത്തുവെച്ചു ചെയ്ത പ്രസംഗത്തിൽനിന്നു.




വി. 2 റോക്കററ്.—ജമ്മൻകാർ ഉപയോഗിച്ചുവരുന്ന വി. 2 റോക്കററിൻെറ ആകൃതിയെപ്പററി ഔദ്യോഗികമായി തയ്യാറാക്കിയ ഒരു പടമാണിതു്

---

സാരഗാനം നമ്പർ 4.

# മലയാളി ഭടന്മാരോട്

(പി. കെ. കുഞ്ഞിരാമൻ പണിക്കർ.)

വരട്ടെ വന്നാൽ, മൂരത്ത ജാപ്പാൻ അടിച്ചു പായിക്കയാൻ,
ഉറച്ചു നില്പിൻ, കുതിച്ചുടുപ്പിൻ, ധീരത കൈക്കൊൾവിൻ!
ജയിച്ചു നിങ്ങൾ തിരിച്ചു വന്നാൽ പെരുത്ത സന്തോഷം
പുലത്തിനിങ്ങൾ സ്വാഗതമോതാൻ കൊതിച്ചു വാഴുന്നു
ശൂരപരാക്രമശാലികളാകും കേരളയോദ്ധാക്കൾ
പൂരിതധീരതയാൻവരായിരമാണ്ടു കുതിക്കുമ്പോൾ,
വീരനൊതേനൻതന്മരുമക്കൾ പോരിലെത്തുകയമ്പോൾ,
വീമ്പു പറഞ്ഞവർ ജാപ്പുകൾ വീട്ടോടോടിയൊളി[ക്കില്ലേ?
വേലുത്തമ്പിവിളഞ്ഞൊരുനാട്ടിൻ വീരതരുമ്പിൽ
മാലേല്ക്കാത്തൊരു മാനുഷനുണ്ടോ മാലോകംതന്നിൽ?
വരട്ടെ വന്നാൽ . . .
ഒരിക്കൽ നമ്മൾ തുടങ്ങിയെന്നാലൊടുക്കമാവോളം
തിരിക്കയില്ലെന്നറിയണമരിയെ യടക്കിയാംവോളം!

---

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ജനുവരി 19-ാംനു, വെള്ളിയാഴ്ച


# ആറക്കാൻ മുനയിലെ മദിരാശിക്കാരോടു ഇന്ത്യക്കുള്ള കടപ്പാടു്

ബർമ്മാരംഗത്തിൽ ദക്ഷിണേന്ത്യക്കാർ ചെയ്ത വിശിഷ്ടവും വിഖ്യാതവുമായ സേവനങ്ങളെപ്പററി വേണ്ടത്ര വിവരങ്ങൾ നാം കേൾക്കാതിരുന്നതു് നമ്മുടെ സ്വതസ്സിദ്ധമായ വിനയമനോഭാവം മൂലമായിരിക്കാം. നമ്മുടെ നാട്ടിൽനിന്നുപോയ ആ വീരയോദ്ധാക്കൾ ബർമ്മയിലാണെന്നു നമുക്കു അറിവുണ്ടു്. കഴിഞ്ഞ വർഷത്തിൽ അവർ അവധിയിൽ വന്ന അവസരത്തിൽ, അവരുടെ സമരചാതുരി നമ്മൾ മനസ്സിലാക്കി ഹൃദ്യവും സന്തോഷസമ്മിളിതവുമായ ഒരു സ്വീകരണം ആ വീരഭടന്മാർക്കു നമ്മൾ അരുളുകയുമുണ്ടായി. വനസമരത്തിന്നുപയുക്തമായ പച്ച ഉടുപ്പിട്ടു്, ചരിച്ചുവെച്ച തൊപ്പി ധരിച്ച നമ്മുടെ മദ്രാസിയോദ്ധാവിനെ, ഏതൊരു ഭടനെയുംപോലെത്തന്നെ അഭിമാനിക്കാവുന്ന ബർമ്മാരംഗത്തിലെ ആ പരാക്രമശാലിയെ, ഓർമ്മിക്കാതിരിക്കാൻ ആർക്കും സാദ്ധ്യമല്ല. അവരോടു, നമുക്കുള്ള കടപ്പാടു് അത്രയ്ക്കുണ്ടു്; അവർ നമ്മെ അത്രമേൽ ആകർഷിച്ചിട്ടുണ്ടു്!

ഇന്നു ലോകം മുഴുവനുതന്നെ എന്നു പറയാം, തെക്കെ ഇന്ത്യൻ പടയാളിയുടെ ഈ മഹനീയ സാദ്ധ്യതകളും വീരപരാക്രമങ്ങളും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. മദിരാശിക്കാരനു മംഗളാശംസകളും പ്രശംസകളും മഴപോലെ എങ്ങുനിന്നും വർഷിക്കപ്പെട്ടുവരുന്നു. യോദ്ധാക്കൾ, എഞ്ചിനിയർമാർ എന്ന നിലയ്ക്കെല്ലാം, തങ്ങളുടെ സമരസഖാക്കളായ ബ്രിട്ടിഷു ഭടന്മാർ, തെക്കെ ആഫ്രിക്കൻ സേനകൾ, ചൈനീസ് പട്ടാളക്കാർ ഇവരോടു തോളോടുതോൾ ചേർന്നു തെന്നിന്ത്യൻ പടയാളികൾ ബർമ്മാരംഗത്തു ചെയ്തുതീർത്ത ജോലികൾ അത്ഭുതാവഹവും, ആവേശകാരിയുമാണു്

ആറക്കാൺ മുനയിൽ ഇവർ ചെയ്ത കൃത്യങ്ങളെപ്പററി ഒരു ദൃക്സാക്ഷി ഇങ്ങിനെ വിവരിക്കുന്നു: "നിർമ്മാണത്തിൻെറ വേഗത, ചെയ്തുതീർത്ത കൃത്യങ്ങളുടെ വൈവിദ്ധ്യം, മനോഹാരിത, ഇന്ത്യൻ എഞ്ചിനിയർ വിഭാഗത്തിലുൾപ്പെട്ട മദ്രാസ് എഞ്ചിനിയർ ബററാലിയൻ, ഈ സംഗതികൾമൂലം ആറക്കാൺ മുനയിൽ, ഒരു പുതിയ രീതിതന്നെ സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു. ഈ ബററാലിയൻതന്നെ, റോഡുകൾ പണിചെയ്തു; കുഴൽവെള്ളം കിട്ടുന്നതിന്നുള്ള ഏർപ്പാടു ചെയ്തു. ആറക്കാനിലെ മലയോരങ്ങളിലും കാട്ടുപ്രദേശങ്ങളിലും കുഴൽവെള്ളം കിട്ടുവാൻ സാധിക്കുക! അതിന്നെത്ര ഭഗീരഥപ്രയത്നം ചെയ്യണം. "ആകാശഗംഗയെ പാതാളലോകത്തിലാക്കി ഭഗീരഥൻ" എന്നതിന്നു പകരം ഈ ഭഗീരഥന്മാർ "പാതാളഗംഗയെ ആകാശലോക"ത്തിലാക്കുകയാണു് ചെയ്തിരിക്കുന്നതു്! "ഞങ്ങൾക്കെന്തും ചെയ്യാൻ സാധിക്കും," അവരുടെ മുദ്രാവാക്യം ഇതാണു്. ഇല്ല, ഈ സമരമുദ്രാവാക്യത്തിൻെറ സാരം ശരിയാംവണ്ണം ഗ്രഹിക്കുമ്പോൾ നമ്മൾക്കു അത്ഭുതം തോന്നുന്നില്ല. അവരുടെ നേട്ടങ്ങൾ, അവരുടെ സ്ഥിരോത്സാഹം, അവരുടെ അദ്ധ്വാനശീലം,—ഇവയെല്ലാം ഒരൊററ വാക്കിൽ പ്രതിഫലിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന ഒന്നാണു് ആ മുദ്രാവാക്യം. "ഞങ്ങൾക്കു് അസാദ്ധ്യമായി ഒന്നുംതന്നെയില്ല," വാസ്തവമാണു്. നമ്മുടെ ഭടന്മാർ, ദൂരദൂരത്തിൽ, ഒരു ശത്രുരാജ്യത്തിൽനിന്നു ഇങ്ങിനെ സമരഗർജ്ജനം മുഴക്കുമ്പോൾ, ഏതൊരു ദക്ഷിണേന്ത്യനാണു് രോമാഞ്ചകാരിയാകാതിരിക്കുക?

ആറക്കാൺ മുന ഇന്ത്യ മുതൽ ഐരാവതി ഡൽട്ട വരെ 350 മൈൽ നീളത്തിലുള്ള കടൽക്കരയോടുകൂടി കിടക്കുന്നു. പിന്നിൽ, കടൽക്കരയ്ക്കു് സമാനമായിക്കൊണ്ടുതന്നെ മലപ്രദേശങ്ങളും. ഏതാണ്ടു് മലബാറിനോടു ആറക്കാനിന്നു നല്ല സാമ്യമുണ്ടു്.

ആറക്കാനു് ഇററാലിയോളം വലുപ്പമുള്ള കടൽക്കരയാണുള്ളതു് എന്ന വസ്തുത മനസ്സിലാക്കുമ്പോഴാണു് തെന്നിന്ത്യക്കാർ ഇവിടെ നേടിയ വിജയത്തിൻെറ വിശേഷതയും, നേട്ടത്തിൻെറ വ്യാപ്തിയും ബോദ്ധ്യമാകുന്നതു്. അക്യാബിനെപ്പോലെയുള്ള ഒരു തുറമുഖം—ബർമ്മയിലെ രണ്ടാമത്തെ തുറമുഖമാണിതു്—കൈപ്പററുക എന്നതു് സുസാദ്ധ്യമായ ഒരു കൃത്യമല്ലതന്നെ. ഈ രംഗത്തിൽ, തങ്ങളുടെ സഖാക്കളോടൊപ്പം നിന്നുകൊണ്ടു്, ദക്ഷിണേന്ത്യൻ യോദ്ധന്മാർ ചെയ്ത സമരങ്ങൾ പ്രഖ്യാതവും പ്രസ്താവയോഗ്യവുമാണു്. ഇപ്പോൾകൂടി, ഗവർണ്ണർ ഈ സ്ഥലം സന്ദർശിച്ച അവസരത്തിൽ, അത്ര കടുത്ത മഴയുണ്ടായിരുന്നു അവിടെ—അപ്പോൾ ശരിയ്ക്കു മഴക്കാലത്തെ സ്ഥിതി എന്തായിരിക്കും എന്നു ഊഹ്യമാണല്ലോ.

ഈ പരിതസ്ഥിതിയിലാണു് മദ്രാസ് ഗവർണ്ണർ ആറക്കാൻ മുനയിലുള്ള മദിരാശിക്കാരെ സന്ദർശിച്ചതു്. ഏററവും സന്ദർഭോചിതവും, സഹതാപപൂർവ്വകവുമായ ഒരു കൃത്യവുമാണു് ഇതു. ഈ ഉദാരമായ അനുഭാവപ്രകടനത്തിന്നു ഗവർണ്ണർ പ്രശംസിക്കേണ്ടിയിരിക്കുന്നു. ഒരു വെറും "കാട്ടിക്കൂട്ടലാ"യിരുന്നില്ല ഈ സന്ദർശനം; അതു ഭടന്മാർക്കു മനസ്സിലായിട്ടുമുണ്ടു്. ഈ സമരാങ്കണത്തിലെ യുവാക്കന്മാർ ചെയ്യുന്ന സേവനങ്ങളെ നേരിട്ടു കണ്ടറിയണമെന്ന അത്യാഗ്രഹവും, അവർക്കായി ഇന്നാട്ടിലെ ജനങ്ങളുടെ ആശംസകൾ നല്കണമെന്ന ഔദാര്യം നിറഞ്ഞ ഹൃദയവും ആയിരിക്കണം സർ ആർതർ ഹോപ്പ് അവർകളെ ഈ കൃത്യത്തിന്നു പ്രേരിപ്പിച്ചതു്. മദ്രാസ് ഗവർണ്ണരേക്കാളും മികച്ച ഒരു പ്രതിനിധിയുണ്ടോ വേറെ ഈ സമരവീരന്മാരുമായി സൌഹാർദ്ദവും സമ്പർക്കവും സമ്പാദിക്കുന്നതിന്നു?

അക്യാബിൻെറ വിമോചനം ഒരു പ്രധാന സംഭവമാണു്. ഈ തുറമുഖത്തെ അധീനപ്പെടുത്തുക എന്നതിൻെറ അർത്ഥം ബങ്കാൾ ഉൾക്കടലിലെ പ്രധാന ഭാഗങ്ങളെ കൈവശപ്പെടുത്തിവെക്കുക എന്നാണു്. അടുത്ത അവസരത്തിൽ, മൌണ്ട്ബാററൻ പ്രഭു ആരംഭിക്കുന്ന കൂട്ടാക്രമണത്തിന്നു പല പുതിയ സാദ്ധ്യതകളും ഇതുമൂലം കൈവന്നിട്ടുണ്ടു്. റംഗൂണിന്നടുത്തു ഒരു വിമാനത്താവളവും, അക്യാബു നമ്മുടെ കൈവശം വന്നമൂലം നമുക്കു് സിദ്ധിച്ചിട്ടുണ്ടു്. അന്തമാൻ ദ്വീപുകൾക്കും അടുത്താണു് അക്യാബ്.

ബർമ്മയിലുള്ള ജാപ്പുകളുടെ കഴുത്തിന്നു ചുററും സഖ്യശക്തികൾ ഇട്ട ഈ കുടുക്കു് മുറുകിക്കൊണ്ടുവരുന്നു. പതിനെട്ടു മാസങ്ങൾക്കു മുമ്പു മാത്രമാണു് മിട്ക്യീന നാം അധീനപ്പെടുത്തിയതു്. അതിന്നുശേഷമുണ്ടായ പുരോഗതി അത്ഭുതാവഹമായിരിക്കുന്നു. ഈ വിജയങ്ങൾ സാധിച്ചതു് എത്രമാത്രം പ്രതികൂലമായ പ്രതിബന്ധങ്ങളെ പ്രതിരോധിച്ചുകൊണ്ടാണെന്നറിയുമ്പോഴേ, സംഗതികൾ തികച്ചും വ്യക്തമാവുകയുള്ളു. അതികഠിനമായ കാലാവസ്ഥയിൽ, ദുസ്തരമായ കാട്ടുകുഴികളുടേയും ദുർഗ്ഗമങ്ങളായ പർവ്വതപ്രാന്തങ്ങളിൽനിന്നുമാണു് ഇവർ പടവെട്ടിയതു്.

പാവം! തങ്ങൾ കാട്ടിലൊളിഞ്ഞിരുന്നാലും, പർവ്വതങ്ങൾക്കിടയിൽ പതുങ്ങിയിരുന്നാലും മതി, അതു സുരക്ഷിതമായിരിക്കുമെന്നു ജാപ്പുകൾ വ്യാമോഹിച്ചു. ഇന്നു ആവക അഭിലാഷങ്ങളാകെ തകർന്നുകഴിഞ്ഞു. ഇന്നവരെ ഒട്ടധികം അലട്ടുകയും, അതിരററ വിധത്തിൽ വേവലാതിപ്പെടുത്തുകയും ചെയ്യുന്ന ഒരു കാര്യം സഖ്യശക്തികൾ, വമ്പിച്ചതോതിൽ ഒരാക്രമണം ആരംഭിക്കുന്നപക്ഷം എങ്ങിനെയാണു് ഓടിഒളിച്ചു രക്ഷപ്പെടുക എന്നതത്രേ! നോക്കണം! ലോകത്തെ അധീനപ്പെടുത്തി, സാമ്രാജ്യം സൃഷ്ടിക്കാൻവന്ന "സൂര്യവംശജന്മാർ" ഇന്നു പെടുന്ന പാടു! അക്രമത്തിന്നു ജയിക്കാൻ പ്രയാസമാണു്; ജാപ്പുകൾ ഇന്നു് അവരുടെ നിഷ്ഠുരകൃത്യത്തിൻെറയും മൂഢസംസ്കാരത്തിൻെറയും അനന്തരഫലങ്ങൾ മാത്രമാണു് അനുഭവിക്കുന്നതു്.

ഇവയെല്ലാം വരുത്തിത്തീർക്കുന്നതിൽ ഇന്ത്യക്കാർക്കുള്ള പങ്കു ചില്ലറയൊന്നുമല്ല. ബർമ്മാരംഗത്തിലെ സേനകളിൽ ഭൂരിഭാഗം ഭടന്മാരും ഭാരതീയരാണു്. അതിൽ ദക്ഷിണേന്ത്യക്കാരാവട്ടെ, ഒരു ഗണ്യമായ തുകയുണ്ടുതാനും—തെന്നിന്ത്യൻ പടയാളികളുടെ ധീരതയും ധിഷണാശാലിതവും, ബർമ്മാവിജയത്തിൽ സാമാന്യം സഹായിച്ചിട്ടുണ്ടെന്നു ഇന്നു പരക്കെ ബോദ്ധ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

## സ്വാഗതം

(കെ. പി. രഘുനാഥ്, വൈത്തിരി.)

(പാന)

സ്വാഗതം പുതുവർഷമേ, പാവന-
ഭാഗധേയ പ്രദായകേ, സ്വാഗതം;
ആഗമിച്ചു ഭവതി വിജയത്തിൻ
രാഗരഞ്ജിത സുസ്മിതം മാതിരി!

പോയ വർഷത്തിലേററൊരു പീഢകൾ
മായുവാൻ, മനമൊന്നു കളിക്കുവാൻ
എത്തിനീ നവവർഷമേ, പൂതമായ്,
ദ ശ്യയാകെഴും നഴ്സിനെപ്പോലവെ.

വിശ്രമിക്കുക വിശദമേ, തെല്ലിട-
യശ്രുധാര ചൊരിയാതിവിടത്തിൽ
ഹൃദ്യമോഹന തൻപൂൽകലേറുനിൻ-
ഹൃത്തിലെ വ്രണമൊക്കെയുണങ്ങട്ടെ!

ലോലലാളിതരാദ്ധ്യയാം ദേവതേ,
ശ്രീലഭാവുക ഭാവനാ രൂപിണീ,
നിൻകടാക്ഷത്തെളിമിന്നൽ മന്നിതിൽ-
വെൺകതിർക്കുളിരോളങ്ങൾ വീശട്ടെ!

വിട്ടുപോകരുതോമലേ, ഞങ്ങളെ-
ക്ലിഷ്ടതകൾക്കിടയിൽ നീ യേതുമേ.
നിൻെറ ഹസ്തമുയർത്തട്ടെ വാനിലാ-
മഞ്ജുളമണി വൈറിപ്പതാകകൾ.

സ്വാഗതം പുതുവർഷമേ, പാവന-
ഭാഗധേയം വരുത്തണേ മേലിലും!

—: ശുഭം :—

# ആഴ്ചക്കുറിപ്പുകൾ

## പാശ്ചാത്യരംഗത്തിലെ ആദ്യത്തെ അടവു് അവസാനിച്ചു.

യൂറോപ്യൻ യുദ്ധമുനയിൽ നടന്നുവരുന്ന മഹാസമരത്തിലെ ആദ്യത്തെ കളി കഴിഞ്ഞു. വോൺ റണ്ട്സ്റ്റെഡ്ടിൻെറ മുന്നോട്ടുകയററത്തെ മാർഷൽ മണ്ട്ഗോമറിയും ജനറൽ ബ്രാഡ്ലെയും തടഞ്ഞുനിർത്തി. ഇവരുടെ നേതൃത്വത്തിലുള്ള രണ്ടു സേനകളും ചേർന്നതുമൂലം ബാസ്റ്റോണിന്നു പടിഞ്ഞാറു ഭാഗത്തുള്ള ജർമ്മൻ ഭടന്മാർ കെണിയിൽപ്പെട്ടു. നാസികളുടെ ഈ ഉദ്യമത്തിൻെറ ലക്ഷ്യം ആൻട്വെർപ്പ് പിടിച്ചു സഖ്യശക്തികളുടെ സപ്ലൈ ഏർപ്പാടുകൾ മുറിച്ചുകളയണമെന്നതായിരുന്നു. എന്നാൽ അതേ സമയത്തു ജനറൽ ഐസൻഹോവരുടെ കീഴിൽ സംഭരിച്ചുവെച്ചിട്ടുള്ള സൈന്യശക്തിയും, സാമാന സംരംഭങ്ങളും എത്രമാത്രം വമ്പിച്ചതാണെന്നു മനസ്സിലാക്കുന്നതിന്നു അവർക്കു സാധിച്ചില്ല. വളരെ ബദ്ധപ്പെട്ടു നാസികൾ പല പരാക്രമങ്ങളും കാട്ടിക്കൂട്ടാൻ നോക്കി. അതിന്നുവേണ്ടി അവിടെനിന്നും ഇവിടെനിന്നുമൊക്കെയായി ഒരു സേനയെയും സന്നദ്ധമാക്കി. ഹിററ്ലർ യുവജനസംഘം, "ജനകീയ സേന", തൊഴിലാളികൾ ഇവരെയൊക്കെ കൂട്ടിച്ചേർത്തിട്ടാണു് റണ്ട്സ്റ്റെഡ്ടിൻെറ സേന രൂപീകൃതമായിരിക്കുന്നതെന്നു ഈയിടെ ചില ജർമ്മൻതടവുകാർ പ്രസ്താവിക്കയുണ്ടായി. കാലാവസ്ഥ അവർക്കനുകൂലമാകുമെന്നു ജർമ്മൻകാർ കരുതി. സഖ്യശക്തികൾക്കിടയിൽ ഛിദ്രമുണ്ടാക്കുന്നതിന്നുള്ള അവരുടെ പ്രചരണവേല ശക്തിപ്പെട്ടുമെന്നും അവർ ഉദ്ദേശിച്ചു. എന്തായാലും റണ്ട്സ്റ്റെഡ്ട്, തൻെറ ആദ്യത്തെ അടവു പയററി നോക്കി, പക്ഷെ പരാജയപ്പെട്ടു, സഖ്യശക്തികളാകട്ടെ വിജയിക്കുകയും ചെയ്തു.

## റണ്ട്സ്റ്റെഡ്ടിൻെറ ഇനിയത്തെ സംരംഭം.

ഇനിയെന്തായിരിക്കും നാസികൾ ഉദ്ദേശിക്കുന്നതു? കാലാവസ്ഥ ഇങ്ങിനെ നില്ക്കുമ്പോൾ അവർക്കു് ഒരു കൈ നോക്കാമെന്നു കരുതുമായിരിക്കാം. സഖ്യസേനകളുടെ വരുതിയിലുള്ള പട്ടക്കുററൻ വിമാനങ്ങളെ അവർക്കു എത്രമാത്രം പേടിയാണെന്നു പറഞ്ഞാൽ ആവില്ല.

റണ്ട്സ്റ്റെഡ്ട് ഇനി ആൽസാക്കിലേക്കും ഒരു കുതി കുതിക്കുന്നതിന്നായി ഉദ്ദേശിക്കുന്നപോലെ തോന്നുന്നു. ആർഡൺസിൽ ആയാൾക്കു കഴിയാത്ത കാര്യം ഇവിടെ സാധിക്കുമെന്നാണു് വിശ്വസിക്കുന്നതു്. ഒരു പക്ഷെ 400 നാഴികയോളം വിസ്തീർണ്ണത്തിൽ നീണ്ടുകിടക്കുന്ന ഈ സമരമുഖത്തു ആയാൾക്കു അങ്ങിനെ ഒരു വിടവുണ്ടാക്കി അല്പം മുന്നോട്ടു കയറാൻ സാധിച്ചുവെന്നു തന്നെ ഇരിക്കട്ടെ: എന്നാൽ മാത്രമായില്ല; സപ്ലൈകൾ ലഭിക്കുന്നതിന്നു ആയാൾക്കെന്താണു് നിവൃത്തി? വീണ്ടും ഈ ആഴ്ചയിൽ സഖ്യസേനകൾ വിമാനാക്രമണത്തിന്നു കൂടുതൽ ഭയങ്കരത കൂട്ടിയിരിക്കുന്നു. ഇതാണു് ജർമ്മൻകാരെ ആധിപ്പെടുത്തുന്ന ഒരു വലിയ വിഷമം.

## തെക്കൻ പോളണ്ടിൽ പുതിയ റഷ്യൻ ആക്രമണം.

തെക്കൻ പോളണ്ടിൽ, കഴിഞ്ഞ ആഴ്ചയിൽ വീണ്ടും വമ്പിച്ച ഒച്ചപ്പാടുണ്ടായിരിക്കുന്നു. റഷ്യക്കാർ കാസമീഴ്സിന്നടുത്തു ആക്രമണം ആരംഭിച്ചു കഴിഞ്ഞു. മാർഷൽ കൊണീവിൻെറ ലക്ഷ്യം ജർമ്മനിയിലെ സൈലീഷ്യ എന്ന വൈയവസായിക പ്രദേശമാണു്. ഇതേവരേയും ഈ പ്രദേശം നിശ്ശബ്ദമായിരുന്നു. റഷ്യൻ സേനയിലെ മുന്നോടി സംഘങ്ങൾ ജർമ്മൻ അതൃത്തിയ്ക്കു് 70 നാഴിക അടുത്തെത്തിയിരിക്കുന്നു. റഷ്യക്കാർ എന്താണു് ചെയ്യാനുദ്ദേശിക്കുന്നതെന്നു ഇപ്പോൾ പറയാൻ വയ്യ. പക്ഷെ ഈ സംരംഭം ജർമ്മൻകാരെ വളരെ അധികം വിഷമിപ്പിക്കുന്ന ഒന്നാണു്. ബുഡാപെസ്റ്റ് ജർമ്മൻ അധീനത്തിൽ സ്വതന്ത്രമായേക്കാവുന്ന ഈ സമയത്തു സമാരംഭിച്ച ഈ പുതിയ സമരസംരംഭം റഷ്യക്കാർക്കു അവരിലുള്ള ആത്മവിശ്വാസത്തെയാണു് സൂചിപ്പിക്കുന്നതു്. തങ്ങൾക്കാവശ്യമുള്ളതെന്തും ചെയ്യാൻ കഴിയുമെന്നു് അവർക്കു ദൃഢനിശ്ചയമുണ്ടു്.

## ഗ്രീസിലെ കുഴപ്പം ശാന്തമായി വരുന്നു.

ജനറൽ സ്കോബിയും—'ഇലാസുകളും' (ഇ. എൽ.എ.എസ്.) കൂടി സന്ധിയായെന്നു് പലർക്കും സന്തോഷപ്രദവും ആശ്വാസകരവുമായ ഒരു വാർത്തയാണു്. ജനറൽ സ്കോബി ഗ്രീസിലെ ആഭ്യന്തരവിഷയങ്ങളിൽ ഇടപെടാൻ ശ്രമിക്കുന്നതായിരിക്കയില്ല. ജനറൽ പ്ലാസ്ററിറാസിൻെറ ഗവർമ്മെണ്ടു് ഈ സംഗതികളെല്ലാം ശാന്തതയോടെ കണ്ടറിഞ്ഞു പ്രവർത്തിക്കുമെന്നും നമുക്കാശിക്കുക. വ്യത്യസ്തരായ രാഷ്ട്രീയാഭിപ്രായങ്ങളെ യോജിപ്പിച്ചു ഐക്യം സ്ഥാപിച്ചാലേ ഗ്രീസിൽ ക്ഷേമം ഉണ്ടാവാനിടയുള്ളൂ. ഈ ഉടമ്പടിമൂലം യുദ്ധത്തിൽതന്നെ അതിൻെറ പ്രത്യാഘാതങ്ങൾ അലയ്ക്കുന്നതായിരിക്കും. പ്രത്യേകിച്ചും ഇററലിയൻ രംഗത്തെ അതു സാരമായി ബാധിക്കുന്നതാണു്.

## ബർമ്മയിൽ സഖ്യസേനകളുടെ ത്വരിത ഗമനം

അക്യാബ് പിടിച്ചുകഴിഞ്ഞതോടുകൂടിതന്നെ ആറക്കാൻ കടൽതീരത്തു് മറെറാരിടത്തിലും, പടകളിറങ്ങി. ഇതു സഖ്യസേനകൾക്കു് ഈ പ്രദേശത്തുള്ള സ്വാധീനത്തിൻേറയും അധികാരത്തിൻേറയും ലക്ഷ്യമാണു്. ഹണ്ടർ ഉൾക്കടലിലുള്ള മിബൺ, ഭൂമിശാസ്ത്രപരമായി ചെറിയതായിരിക്കാം. എന്നാൽ നമ്മുടെ പുരോഗമനത്തിൻെറ വേഗതയേയും, ശത്രുവിന്നു ബർമ്മയിലുള്ള പിടി അയഞ്ഞുപോകുന്നതിൻേറയും സാക്ഷ്യമാണു് ഈ നഗരം സഖ്യസേനകൾ സുസാദ്ധ്യമായി പിടിച്ചതുതന്നെ. വീണ്ടും 70 നാഴിക വടക്കു ഗംഗാ പിടിച്ചു; ഇതൊക്കെ കുറിക്കുന്നതെന്താണു്? ജപ്പാൻകാർ ബർമ്മയിൽ എത്രനാൾ ഉണ്ടാവുമെന്നതു് എണ്ണിക്കണക്കാക്കാം എന്നല്ലെ? ബർമ്മയിൽ സംഭവഗതികൾ അത്രമാത്രം ത്വരിതഗതിയിലാണു് ഗമനം ചെയ്യുന്നതു്. മണ്ടില അടുത്തുതന്നെ വീഴാനിടയുണ്ടു്. മാണ്ഡലീയും തഥൈവ. ഇമ്മാതിരിയിലുള്ള പുരോഗതി തുടർന്നു പോകുന്നപക്ഷം ബർമ്മ വളരെ താമസിയാതെ സ്വതന്ത്രമാവുന്നതായിരിക്കും. രണ്ടാമതും സൂപ്പർഫോർട്രസ്സ് വിമാനങ്ങൾ സിങ്കപ്പൂരിൽ ബോമ്പിട്ടു. വളരെ കുറച്ചു് എതൃപ്പുമാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂവെന്നാണു് വൈമാനികന്മാരുടെ റിപ്പോർട്ട് പ്രകാരം കാണുന്നതു്.

സഖ്യശക്തികൾ ഒരു പ്ലാൻ അനുസരിച്ചാണു് എന്തും ചെയ്യുന്നതു്. അമേരിക്കൻ വിമാനസേനയുടെ മേധാവി ജനറൽ ആർനോൾഡ് വാഷിങ്ടനിൽവെച്ചു ഇങ്ങിനെ പ്രസ്താവിക്കയുണ്ടായി: "രംഗവിധാനം ചെയ്തു കഴിഞ്ഞു. ജപ്പാൻെറ കീഴിൽ ഏഷ്യയിലുള്ള രാജ്യങ്ങളിലും, ജപ്പാൻെറ സ്വന്തരാജ്യത്തും ബോമ്പുവർഷം നടത്തുവാൻ എല്ലാം തയ്യാറായി. കഴിഞ്ഞ കുറച്ചു ആഴ്ചകളിൽ സൂപ്പർ ഫോർട്രസ്സ് വിമാനങ്ങൾ ഇതിൻെറ പ്രാരംഭപ്രവർത്തനങ്ങൾ മാത്രമാണു് ആരംഭിച്ചിട്ടുള്ളതു്.

ഈ നാടകത്തിലെ പ്രഥമരംഗം ആരംഭിക്കുന്നതിന്നു തിരശ്ശീല പൊന്തിയിട്ടില്ല. അവരുടെ തൊഴിൽശാലകളും, എണ്ണപ്പാടങ്ങളും, തുറമുഖങ്ങളും നഗരങ്ങളും ആദ്യം സൂപ്പർഫോർട്രസ്സ് വിമാനങ്ങളാലും അതിന്നുശേഷം ലിബറേറർ വിമാനങ്ങളും, ഫോർട്രസ്സ് വിമാനങ്ങളേക്കൊണ്ടും ആക്രമിക്കും."

ബോമ്പാക്രമണത്തിന്നു കാലാവസ്ഥ തെളിഞ്ഞു വരുന്നേ ഉള്ളൂ. അതിനിടക്കുതന്നെ ജാപ്പുകൾക്കു വേണ്ടത്ര ബോമ്പുവർഷം കിട്ടിക്കഴിഞ്ഞു. ഇതേവരേത്തേക്കാൾ വമ്പിച്ച തോതിൽ സഖ്യശക്തികൾ ആകാശാക്രമണത്തിന്നു തുടരുമ്പോൾ, ജപ്പാൻകാരുടെ സ്ഥിതി തികച്ചും പരുങ്ങലിലും പരിഭ്രാന്തിയിലുമായിരിക്കും.

## അവസാനം വാർസാ സ്വതന്ത്രമായി

വ്യാഴാഴ്ച കാലത്തു് ലോകം കേട്ട വർത്തമാനങ്ങൾ അത്യന്തമൽ ആഹ്ലാദജന്യമാണു്. പോളണ്ടിൻെറ തലസ്ഥാനമായ വാർസാ റഷ്യൻസേനകൾ സ്വതന്ത്രമാക്കി. മാത്രമല്ല, വളരെയധികം വമ്പിച്ച നഗരങ്ങളും ചുവപ്പുസേന കൈവശപ്പെടുത്തി. ജർമ്മൻ കണക്കുപ്രകാരം ചുവപ്പുസേനയുടെ 240 വിഭാഗങ്ങൾ പൌരസ്ത്യ രംഗത്തിലുണ്ടു്. ജർമ്മനിയുടെ വൈയവസായിക പ്രദേശമായ സൈലീഷ്യ ഈ പുരോഗമനംമൂലം ആപത്തിലകപ്പെട്ടിരിക്കുന്നു. ജർമ്മനിക്കു പൌരസ്ത്യ രംഗത്തിൽ പററിയ അമളി വമ്പിച്ചതാണു്. സ്വതന്ത്രലോകം മോസ്കോവിനോടൊപ്പംതന്നെ ഈ അത്ഭുതാവഹമായ ഈ നേട്ടത്തിൽ ആനന്ദം കൊള്ളുന്നു.


## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




# ശത്രുവിൻെറ "മിത്രഭാവം"!

(കെ. ജി. പിള്ള)
(കേക.)

അന്നത്തെപകൽ ഞങ്ങൾ പോരാടി ജപ്പാൻകാരോ-
ടന്നുമാ ജയശ്രീയെ വരിച്ചു ഞങ്ങൾതന്നെ.
ആയിരംക്കൂട്ടങ്ങൾതൻ മർമ്മരമെന്നപോലെ,
ആയിരം ഭടന്മാർതൻ ദീനരോദനംപോലെ;
ആയിരം നിരാശതൻ നെഞ്ഞിടിപ്പതുപോലെ,
ആയിരം ദൌർഭാഗ്യത്തിൻ ദുരന്തരാഗം പോലെ;
ആ മലച്ചോട്ടിൽ, ചുളിക്കണ്ടിൽ നിന്നുയർന്നിത-
ങ്ങാമയം പേറുന്നൊരു മർത്ത്യൻതൻ ദീനസ്വരം.
എന്തതെന്നാരായ്വാനായ് ച്ചെന്നു ഞാനവിടത്തിൽ,
എന്തൊ,രു ജപ്പാൻഭടൻ! തോക്കുഞാൻ നീട്ടിമുന്നിൽ.
രക്തത്തിന്നഭാവത്തിൽ ദുർബ്ബലങ്ങളായ് ത്തീർന്നോ-
രക്കൈകൾ വാനിലേക്കായുയർത്തിയവൻ ചൊല്ലി.
"സോദരാ!" ജപ്പാൻഭടനോതിനാനത്യാശ്ചര്യം
വേദവാക്യങ്ങൾ ജപ്പാൻകാരനും പഠിച്ചെന്നോ?
"ഹാ! നിങ്ങൾ പഠിപ്പിച്ചു, ഞാനിപ്പോൾ പഠിച്ചെൻെറ-
പ്രാണനെന്നോടു യാത്രചൊല്ലുന്നൊരീ വേളയിൽ-
ഞാനുമാ ജപ്പാനിൽത്താൻ പിറന്നേൻ വിധിയെന്നെ-
മാനവനല്ലാതാക്കി, ലോകവും വെറുത്തെന്നെ.
കടലിൽ വലവീശി, കരയിൽ കൃഷിചെയ്തു
കടലാസു് ചട്ടങ്ങളെ വാനത്തിൽ പറപ്പിച്ചും,
നൂതനലോകത്തിൻെറ പിന്നിലാ,യിരുട്ടിങ്കൽ
ഏതുമൊന്നറിയാതെ വാണമാതൃശന്മാരെ,
സഖ്യശക്തിതൻ കപ്പൽപ്പടയോടടരാടാൻ,
വിഖ്യാതന്മാരാം കരസൈന്യത്തോടിടയുവാൻ;
ഉഗ്രമാം വ്യോമസേനയോടു മത്സരിക്കുവാ,
നഗ്രമാം വീരങ്കിക്കു ലക്ഷ്യമായ് ഭവിക്കുവാൻ;
നിർബ്ബന്ധമാകും സൈന്യസേവനമാവശ്യമായ്
ദുർബ്ബലനിവനുണ്ടോ പോരിന്നു പുറപ്പെട്ടു."
"സൈന്യങ്ങൾ ജപ്പാനില്ലേ, വേണ്ടുവോളം പിന്നെന്തു-
സൈന്യ സേവനത്തിന്നു നിർബ്ബന്ധമവിടത്തിൽ?"
ഓതിയാസ്സാധു, കരൾത്തുടിപ്പോടൊത്തു, വല-
ഭൂതകാലത്തിൽ ചിന്താജന്യമാം ബാഷ്പത്തോടെ;
"സാമ്രാജ്യമോഹത്തിനാലീയുള്ള പാവങ്ങളെ
സാമ്രാട്ടിന്നുഗ്രമാകും ശാസനം ഭടരാക്കി;
മന്നവമ്മേന്മോഹമാം വഹ്നിയിൽ ഹോമിക്കുവാൻ-
സന്നദ്ധമാക്കേണ്ടതീ പ്രജകൾ ശിരസ്സല്ലോ?
ഏറനാൾ ചീനക്കാരുമായിപ്പോർ ചെയ്തുമൂലം
ഏറിയ സൈന്യങ്ങളും ചെട്ടു വൻമൃത്യുവിങ്കൽ
പിന്നെയും സൈന്യത്തിൻെറ സംഖ്യയെ വർദ്ധിപ്പിക്കാൻ
വന്യജന്തുക്കളാകും വാനരക്കൂട്ടങ്ങൾക്കും,
സൈനികാഭ്യാസംനൽകി, യെന്തുള്ള ഭേദമോർക്കിൽ-
വാനരങ്ങൾക്കുമിന്നീ ജാപ്പുസേനയ്ക്കും കഷ്ടം;
ഐക്യരാഷ്ട്രങ്ങളൊന്നിച്ചാഹവം ചെയ്തിടവേ,
ശക്യമോ ജയിപ്പാനീ ജാപ്പുകൾക്കല്പം പോലും!
സഖ്യശക്തിയാം കരിമ്പാറ മേലടിച്ചിതാ-
താഴുന്നു ജപ്പാൻ വഞ്ചിയാഴിതന്നഗാധത്തിൽ:
"ജയിക്ക, സഹോദരാ! ജയിക്ക; ലോകത്തിനായ്,
ജയിക്ക! സഖ്യസേന, ഐക്യത്തിൻ മാതൃകയ്ക്കായ്."




കോയിസോ : "ടോജോവിനെക്കാളും വലിയ പരുങ്ങലിലാണല്ലോ ഞാൻ ചാടിയതു്!"

# സോവിയററ് സമരകവികൾ

## നിഖേൽ സെപട്ലോവ്

സോവിയററു് നാട്ടിലെ യുവാക്കളുടെ വീരപരാക്രമങ്ങളെപ്പാടിപ്പുകഴ്ത്തുന്ന ഒരു ഗായകനാണു് സെപട്ലോവ്. അദ്ദേഹത്തിൻെറ കവിതകൾക്കു യുവത്വത്തിൻെറ സ്വാഭാവികമായ ഉന്മാദവും ലാളിത്യവും ഉണ്ടു്. പക്ഷെ, അഭ്യന്തരയുദ്ധകാലത്തു, അദ്ദേഹത്തിൻെറ കവിതകൾ ഇടിയൊച്ചപോലെയുള്ള ആഹ്വാനങ്ങളും ആവേശദായകമായ അടർവിളിയുമായി മാറി. അദ്ദേഹത്തിൻെറ തലമുറകൾ കണ്ടിരുന്ന ആ മഹനീയ സ്വപ്നത്തിൻെറ ബഹിർസ്ഫുരണം ജനങ്ങൾക്കെല്ലാം തന്നെ ഒരു നവസന്ദേശം നൽകി. "യക്ഷികഥ," "ഇരുപതു കൊല്ലങ്ങൾക്കുശേഷം" തുടങ്ങിയ അദ്ദേഹത്തിൻെറ കാവ്യങ്ങളിലെ ഇതിവൃത്തം മികച്ചതാണു്.

യുദ്ധം തുടങ്ങിയ അന്നുമുതൽ സെപട്ലോവ് യുദ്ധരംഗത്തിലാണു്. ഇക്കാലത്തിന്നുള്ളിൽ അദ്ദേഹം രണ്ടു പദ്യങ്ങൾ മാത്രമേ മോസ്കോവിലെ മാസികകളിൽ പ്രസിദ്ധം ചെയ്തിട്ടുള്ളു. ലിസ് ചൈക്കിന എന്ന ഒരു യുവതി, റഷ്യൻജനങ്ങളോടു യുദ്ധത്തിൽ തങ്ങൾ ജയിക്കുമെന്നും ന്യായം നമ്മുടെ ഭാഗത്താണെന്നും ഉൽബോധിപ്പിച്ചതാണെന്ന കാരണത്താൽ ഫാസിസ്റ്റുകാരാൽ കൊല്ലപ്പെട്ടുവെന്നതാണു് ഒരു പദ്യശകലത്തിലെ കഥാവസ്തു. മറേറ പദ്യം നാസികൾ മോസ്കോ നഗരത്തെ സമീപിച്ചുവരുന്ന സമയത്തു, ആ രാക്ഷസരെ എതൃത്തു മരിച്ച 28 കാവൽക്കാരെപ്പററിയാണു്.

മിക്കെയിൻ സെപട്ലോവ് ഇപ്പോഴും യുദ്ധരംഗത്തിലാണു്. അദ്ദേഹം ഒരു നാടകീയകാവ്യം രചിച്ചുവരുന്നുണ്ടു്.

## ഒലേഗാ ബർഗോൾഡ്സ്

ലെനിൻഗ്രാഡ് നിരോധകാലത്താണു് ഒലേഗാ ബെർഗോൾഡ്സ് എന്ന കവയിത്രി സുപ്രസിദ്ധയായിത്തീർന്നതു്. കുട്ടികൾക്കുവേണ്ടിയുള്ള പുസ്തകങ്ങളും, അല്പം ചില ഖണ്ഡകവിതകളും രചിച്ചിരുന്ന ഈ കവയിത്രിയെ യുദ്ധത്തിന്നു മുമ്പു് കവികളും, കവിതയിൽ താല്പര്യമുള്ളവരും മാത്രമേ അറിഞ്ഞിരുന്നുള്ളു. നിരോധനകാലത്തു, ലെനിൻഗ്രാഡ് നഗരത്തിൻെറ ആത്മാവിനേയും ധീരോദാത്തതയും, സ്വരവും, ഒലേഗാ ബർഗോൾഡ്സിൻെറ കവിതകളിലൂടെ മാറെറാലിച്ചു. അവരുടെ പദ്യങ്ങളിൽ നിരോധിക്കപ്പെട്ടതും പട്ടിണി ആക്രമിച്ചതും ചിന്നിച്ചിതറി ഇടിഞ്ഞുപൊളിഞ്ഞതുമായ ലെനിൻഗ്രാഡിൻെറ ചിത്രങ്ങളുമുണ്ടു്. "ഞങ്ങൾ ചെറുത്തുനില്ക്കും; ഞങ്ങൾതന്നെ വിജയിക്കും" എന്ന ലെനിൻഗ്രാഡ് പൌരൻെറ ദൃഢനിശ്ചയം ബർഗോൾഡ്സിൻെറ പദ്യങ്ങളുടെ ഓരോ വരിയിലും പ്രകാശിക്കുന്നുണ്ടു്. ഇക്കാലത്തു അവർ എഴുതിയ ഏററവും വിശിഷ്ടമായ കവിത "ഫെബ്രുവരിയിലെ ഡയറി" എന്നതാണു്.

## ഇല്യ സെൽവീൻസ്കി

ഇദ്ദേഹം ഒരു വൃദ്ധനാണു്; പക്ഷെ, അദ്ദേഹത്തിന്നു അനിതസാധാരണമായ ധൈര്യമുണ്ടു്. ഈ വൃദ്ധനായ കവിവര്യൻ പട്ടാളത്തിലെ ഒരു ലഫ്ററനെൻററ് ജനറലാണു്. രണ്ടു പ്രാവശ്യം വീരപരാക്രമങ്ങൾക്കായി അദ്ദേഹത്തിന്നു കീർത്തിമുദ്രകൾ ലഭിക്കുകയുണ്ടായി. യുദ്ധത്തെ സംബന്ധിച്ച ധാരാളം കവിതകൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. എന്നാൽ, പദ്യത്തിൽ "ഭീകരനായ ഇവാനെ" സംബന്ധിച്ച ഒരു ശോകപര്യവസായിയായ നാടകം എഴുതുന്നതിന്നുള്ള സമയം പോക്കളത്തിലും അദ്ദേഹം കരസ്ഥമാക്കി.

## കൊൺസ്റ്റാൻടിൻ സിമണോവ്

യുദ്ധകാലത്തെ ഏററവും പ്രസിദ്ധനായ കവിയാണു് ഇദ്ദേഹം. സാഹിത്യവിദ്യാലയത്തിൽ നിന്നു ഉപരിപഠനങ്ങൾക്കുശേഷം ഇദ്ദേഹം ബിരുദവാങ്ങി. അദ്ദേഹത്തിൻെറ രണ്ടു ഭീമകവിതകൾ "മഞ്ഞിലെ യുദ്ധം," "സർവോറോവു്" എന്ന രണ്ടു പേരിലാണു് പ്രസിദ്ധീകരിച്ചിട്ടുള്ളതു്. കിപ്ലിങ്ങിൻെറ ചില കവിതകൾ അദ്ദേഹം റഷ്യൻഭാഷയിലേക്കു വിവർത്തനം ചെയ്തിട്ടുണ്ടു്. ഒരു യുദ്ധലേഖകൻ എന്ന നിലക്കു സിമണോവ് വളരെയധികം പ്രഖ്യാതി നേടിക്കഴിഞ്ഞിട്ടുണ്ടു്. "ബാറൻട്സിൽനിന്നു കരിങ്കടൽ വരെ" എന്ന പേരിൽ യുദ്ധകഥകളടങ്ങിയ മൂന്നു പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. ഒരു യുദ്ധലേഖകനെന്നനിലക്കു് കവി കണ്ടിട്ടുള്ള രംഗങ്ങളെ മുഴുവനും വിവരിക്കുന്ന സംഭവങ്ങൾ ഈ ഗ്രന്ഥങ്ങളിൽ അടങ്ങിയിട്ടുണ്ടു് "എന്നെ കാത്തിരിക്കുക" എന്ന അദ്ദേഹത്തിൻെറ ഭാവഗീതം സുപ്രസിദ്ധമാണു്. ഇതു സോവിയററ് യൂനിയനിൽ ഒരു നാടോടിപ്പാട്ടുപോലെ പ്രചാരം വന്നിട്ടുണ്ടു്. യുദ്ധകാലത്തു് വിരഹ വിധേയരായ ദമ്പതികളുടെ സ്നേഹദാർഢ്യത്തെക്കുറിച്ചുള്ളതാണു് ഈ ഗീതം. യുദ്ധമുന്നണിയിലും പിന്നിലും ഇതു് പാടിവരുന്നു. നോട്ടുപുസ്തകങ്ങളിൽ അവ പകർത്തിയെടുക്കപ്പെടുന്നു. കാമുകീകാമുകന്മാർ കത്തയക്കുമ്പോൾ ഈ ഗീതത്തിലെ വരികൾ കൂടക്കൂടെ ഉദ്ധരിക്കാറുണ്ടു്.

## മാർഗെറിററ ആലീഗർ

സിമണോവിനോടൊപ്പംതന്നെ വിദ്യാഭ്യാസം ചെയ്ത ഒരു കവയിത്രിയാണു് അലിഗർ. യുദ്ധകാലത്താണു് ഇവരുടെ പ്രശസ്തിയും പൊങ്ങിയതു്. "സോയ" എന്ന പേരിൽ ഇവർ രചിച്ച കാവ്യത്തിൻെറ ഇതിവൃത്തം മോസ്കോ വിദ്യാർത്ഥിനി സോയ കോസ്മോ ഡെമൻസ്കയ ഫാസിസ്റ്റുകളാൽ നിഷ്ഠ്യം വധിക്കപ്പെട്ട ചരിത്രമാണു് "സോയ"യുടെ കഥ ലോകത്തിലെങ്ങും സുപ്രസിദ്ധമായിത്തീർന്നിരിക്കുന്ന ഒന്നാണു്—ഈ കാവ്യത്തിന്നു അവക്കു "സ്റ്റാലിൻ പ്രൈസ്" ലഭിക്കുകയുണ്ടായി.

കൂടാതെ പല ഭാവഗീതങ്ങളും ഇവർ രചിച്ചിട്ടുണ്ടു്. ഒരു നാടകീയ കാവ്യം എഴുതിവരുന്നുമുണ്ടു്.

# സുമ

(ജി. പി. ശങ്കരമംഗലം.)

(തുടച്ച്)

പോകട്ടെ ; യക്കഥനിനച്ചിനിയെന്തുകാര്യം,
ചാകട്ടെയാ മതിവിഹീനൻ, ഇരുന്നുമെന്താം ?
നീ, പക്കലുകാക്കീ പഴതേ കരയേണ്ട, ഞാനു-
ണ്ടോമൽപ്രിയേ, തവഹിതൈക്കി, പദാബ്ജദാ
[സൻ.''

ആ വാദചര്യയിലടങ്ങിയ തത്വമോർത്തോ-
ത്താപാദചൂഡമൊരുപോൽ വിറയാർന്നു തന്വി
ഹേ, ഭാരതപ്രിയസുതേ, ഭവതിക്കു ഹൃത്തിൽ-
ത്തീ കാളിടുന്ന കഥകശ്മലെന്നറിഞ്ഞു ?

'നിപ്പൺ' പ്രതാപമതിയാൽ നിലവിട്ടുപൊങ്ങും-
ദർപ്പത്തൊടക്കമനിയാളെ മിഴിച്ചു നോക്കി.
അപ്പൻ തുടർന്നു: ''നവയൗവ്വനരമ്യമാക-
മിപ്പൊൻതിടമ്പെവിടെ, യാ വനവേടനെങ്ങോ,

അല്ലെങ്കിലും സുമുഖി ; നിന്നനുരാഗവൈര-
ക്കല്ലിന്നവൻ വിലമതിക്കുക ശക്യമാമോ ?
ഫുല്ലപ്രഭാതരുചിരം സുരഭിപ്രസൂനം-
കല്ലിൻ കഴുത്തിലണിയിപ്പതു കഷ്ടമല്ലേ ?

ആരോമലേ, തരുണസുന്ദരമായ നിൻ മൈ-
ത്താരോടു ചേർന്നു മധുരം മധുവാർന്നിടാതെ,
പോരോടെഴും മമതയാലുഴറിഗ്ഗമിച്ചോൻ;
നേരോതിടാം. പ്രിയതമേ, പ്രണയതപശ്ശൂന്യ
[ൻ.''

മേശപ്പുറത്തെ മധുഭാജനമൊന്നൊഴിച്ചും,
മീശത്തലപ്പു വിരലാൽ കടുതായ്പിരിച്ചും
ആശപ്പെരുക്കിലിളകും കരളോടെ, കാമാ-
വേശത്തിലത്തരുണിയെ ഭടനുററു പാർത്താന്ന.

ചിന്താശതക്ഷുഭിതയായ്, എതിരാളി വാക്കിൻ-
ബന്ധാനുബന്ധത നിനച്ചതിതാന്തയായി
തൻ താലിതൻഹതകനോടുയരുന്ന കോപ-
സന്താപ സമ്മിളിതമായുര ചെയ്തു സാദ്ധ്വി:

''ഓർക്കുമ്പൊഴേ, ഹൃദയ ഭേദകമാം കടുത്ത-
വാക്കിന്നിമേലിവളൊടിങ്ങനെയോതുമെങ്കിൽ
മൂർഖപ്രഭോ, കഠിനമാം തവഹൃത്തിനൊത്ത-
നാക്കിൻെറ ജീവിതമതേ നിമിഷത്തിൽ മായും.

പാർത്തട്ടിലെൻ കുലമഹോന്നതി, ഭാരതോർവ്വീ-
കീർത്തി പ്രതാപ, മതിലും സമരപ്രഭാവം,
ധൂർത്തഗ്രധാന, ബത, നീയിവയൊക്കെ നന്നാ-
യോർത്തിട്ടു വേണമിവളോടധികപ്രസംഗം ;

വീരപ്രഭാവ മഹിതം രജപുത്രവംശച്ചോരസ്ഥു-
ഭാരതമിതിൽ ജനിയാർന്നൊരീ ഞാൻ
ഭൂരിപ്രതാപനിധിയെൻ പ്രിയഭർത്തൃ ജീവ-
ച്ചോരങ്കലെങ്ങനെ നടക്കണമെന്നറിഞ്ഞോൾ.

എൻനാടു ഭാരതധരിത്രി, മഹത്വശക്തി-
ച്ചൊൻ നാടു, ഞാനതിനെഴുന്നൊരു കൊച്ചുപുത്രി
ഇന്നാണു നീയധമ: ഭാരത കന്യമാർ തൻ-
സന്നാഹ വീര്യമറിയുന്നതു നന്നു കാര്യം.

ധിക്കാരമെത്രകഠിനം, പതിയെക്കഠോരം-
'ശിക്കാറു' ചെയ്തുബലയിൽച്ചതിയാമരിച്ചോൻ
സൽക്കാരവാക്കിലവളെ സ്വവശത്തിലാക്കാൻ
നില്പാണു, നീച ; വഴിതെററി, ഫലംലഭിക്കും

ഉണ്ടെൻ കരത്തിലൊരുവാൾ, പതിഘാതകൻ
[മൈ-
ത്തുണ്ടിക്കുവാൻ ശപഥമാർന്നു ധരിച്ചിടുന്നു,
രണ്ടില്ലപക്ഷമുയിരോടിനി നമ്മളൊന്നി-
ച്ചുണ്ടാകയില്ലുലകവാസമറിഞ്ഞിടേണം.''

ചേലാഞ്ചലാൽ, മിന്നുമിന്നുന്ന മുഖത്തിലിററി-
റേറാലുന്ന സ്വേദമുകുളങ്ങൾ തുടച്ചുനീക്കി
ലോലാളകം കരതലാൽ ശരിയായൊതുക്കി-
ട്ടാലോലനീലമിഴിയാളൊരു വീർപ്പുവിട്ടു.

ആശ്ചര്യകോപഭയസങ്കടചിത്തനായാ-
വാശൈവഭവപ്രകടതാഢനമേററ ദുഷ്ടൻ
ആക്രാന്തകാമവശനായ്, അരികത്തുനിൽക്കും
പോർക്കോലമാണ്ടവധുമൌലിയെയുററുപാർത്താൻ.

''എന്തെന്തു! നീ വേറിപിടിച്ചൊരുപെണ്ണു,
[ശ്രദ്ധ-
മന്ദത്വമാർന്നവൾകണക്കു പറഞ്ഞിടുന്നു ;
ചിന്തിച്ചുവോ, എവിടെ, യാരുടെ മുൻപിൽ
[നിന്നീ-
യന്ധത്വവാദ, മധമേ, മതിയാക്കു വേഗം.

ഞാനാരു് ; വിശ്വമഖിലം വിജയിച്ചിരിക്കും
സേനാനി ; നീയബലയാമടിമച്ചെറുക്കി,
ഹാ, നായ, കേസരിയോടായ് രണഭാവ, മോ
[ർത്താൽ
ഈ ന്യായമെന്നനുഭവത്തിനു പുത്തനത്രെ ;

ജപ്പാരിടം മുഴുവനിന്നു നിറഞ്ഞുനിൽക്കും-
ജപ്പാൻെറ, ശക്തിയറിയാതെ പറഞ്ഞതെങ്കിൽ
അപ്പാവിയെന്നുകരുതാം ; വിപരീതമാം നിൻ
നിൻപോക്കിലെങ്ങനെ സഹിപ്പൂ, കടുപ്പമേററം ;

ആ, രാജസിംഹനെടി, നിൻപതി, യെൻ വി
[രൽക്കു-
പോരാത്തവൻ, പറയണോ ബത നിൻെറ കാര്യം
തീരാത്തനിൻ തലവിധിക്കു കളിപ്പുനീ, ഹാ-
പോരാത്തകാലമധമേ ; തലവെട്ടിടും ഞാൻ.

നിന്നെക്കണക്കൊരു സഹസ്രമഹന്തയാർന്ന-
പെണ്ണുങ്ങൾതൻ കുടലെടുത്ത മദീയഖഡ്ഗം,
ഇന്നിപ്പൊഴും നിശിതമായ്, നിണദാഹമുററു-
മിന്നുന്നിതാ കരമിതിൽ കരണീയസജ്ജം.

എന്നാകിലും, മധുരമീനവയൌവ്വനം, നിൻ-
പൊന്നോടിടഞ്ഞതനു, കോമളിമാവിലാസം,
എന്നാശപോലരികിലീനില, യെന്നിതെല്ലാം
നിൻനാശകംലമതിനൊട്ടൊരുനീളമേററി.

ഹാ, കഷ്ടമീ, മൃദുലശീതളമെയ്യിൽവെച്ചു-
നീപോററിടുന്ന കടുതാമൊരു വഹ്നികുണ്ഡം
താരാധിനാഥവദനം തരുണാരുണാൻപോൽ
ഘോരാഭമൊട്ടവതു, ഞാൻ കരുതാത്തതത്രേ.

ഇന്നൊന്നുകിൽ—പിഴപൊറുക്കണമെന്നുയാചി-
ച്ചെന്നാശപോലിവിടെയൊത്തുരമിച്ചിടേണം—,
നന്നെങ്കിലാമതു ; വിരുദ്ധമനസ്വിയെങ്കിൽ
മിന്നുന്നൊരെന്നസിയൊടേററു മരിച്ചിടണം.

രണ്ടിങ്കലൊന്ന് '', സുദൃഢസാരമിത്ഥമോതി-
ക്കൊണ്ടുൽക്കടം കുപിതനായെഴുന്നേററു യോധൻ
തണ്ടാർദളാക്കി മുഖമല്പമുയർത്തി ; രോമോ-
ച്ചണ്ഡതമാർന്നു തുടുത്തു ചമഞ്ഞിരുന്നു,

''വാടാ, നീച''; വിടർന്ന കണ്ണിണകളാല-
ഗ്നിസ്ഫുലിംഗംവമി
ച്ചിടാർന്നീടിന തൻ കരാളകരവാളഗ്രം
ചുഴററിദ്ധൃതം
സാടോപം, ഭരതക്ഷിതിക്കുചിതമാം
ശൌര്യപ്രഭാവത്തൊടാ-
മൂർദ്ധാത്മാവോടടുത്തു സിംഹികസമം
സിദ്ധാന്തയാം സാദ്ധ്വിയാൾ.

''കിംകർത്തവ്യ'' വിചാരമാർന്നു, യിരിലു-
ള്ളാശപ്പെരുക്കത്തിനാൽ,
മങ്കത്തയ്യിനെ മത്സരക്കളികളാൽ മാററാൻ
ശ്രമിച്ചു ഭടൻ,
തങ്കക്കമ്പികണക്കണഞ്ഞവൾ തലസ്ഥന്ന
ന്നകണ്ടേററമാ-
വങ്കക്കേസരി മൈതളർന്നു മരണഭ്രാന്താൽ
പരിഭ്രാന്തനായ്.

വെട്ടീ രണ്ടിടി, മിന്നലൊന്നുവിലസി, ഘോര-
സ്വരംപൊങ്ങി, ഹാ
മട്ടോലുംമൊഴിതൻ കരാളകരവാൾ രക്ത-
ത്തിലാറാട്ടമായ്,
ചട്ടറേറാരു ഭുജപ്രഭാവമതിനാൽ, ദുഷ്ടാഗ്ര്യ-
ജീവൻഹരി-
ച്ചൊട്ടേറെ ചരിതാർത്ഥയായ്, മഹിതയാം, ശിഷ്ടാ
ഗ്ര്യയപ്പെൺകൊടി.

താരാനാഥനുയർന്നു, താരാഗണംപൊട്ടി-
ച്ചിരിച്ചു, ഭൃശം-
പാരാവാരമകംതെളിഞ്ഞിളകി, യാനന്ദി
ച്ചു മന്ദാനിലൻ
പാരാകെപ്പരിതോഷമാർന്നു, പുളകം പൊങ്ങും-
പടിക്കെങ്ങുമാ
ത്താരാനാഥമുഖീ പവിത്രചരിതം പാടി-
ക്കളിച്ചു ജനം.

പൌരസ്ത്യാംഗനതൻ മുഖത്തു നവമാം-
മന്ദസ്മിതം പൊങ്ങവേ-
കീരശ്രേണി, വിളിച്ചുരച്ചു ''ഭരതക്ഷോണീ-
തലം മുക്തമായ്:
ജന്യത്തിൽഭടനാഥനേററ മരണാൽ, സംഭ്രാ-
ന്തരാം ജാപ്പുകാ-
രൊന്നിച്ചോടിയൊളിക്കയാൽ മണിപുരം
സന്തുഷ്ടിയാർന്നു, വരം.

തുംഗപ്രാഭവമോടുടൻ സുബലമാം സൽ-
സഖ്യസൈന്യം തുട-
ർന്നങ്കത്തിങ്കലശേഷ ജാപ്പുപടതന്നംഗം-
പിളക്കുന്നപോൽ
മങ്കത്തൈമണിതൻ മനോജ്ഞചരിതം-
മാഹാത്മ്യമായ് ഭാരത-
പ്പെൺകൾക്കുള്ള ചരിത്രപുസ്തകമതിൽ
തങ്കത്തിലാലേഖ്യമായ്

പേരാളും ഭരതോർവ്വി പെററ മഹി-
ളാരത്നങ്ങളേ ! നിങ്ങൾ തൻ-
വീരാവേശ മഹൽപ്രഭാവമിനിയും-
ധാരാളമായിങ്ങനെ,
പാരാകെപ്പുളകോൽഗമം വിതറു-
മാറുദ്വേഗസമ്പൂർണ്ണമാ-
യാരാൽ സൽജയവൈജയന്തികകളായ്
പൊങ്ങട്ടെ ! സന്മംഗളം !!

# മദ്രാസ് ഗവണ്ണർ

## സവ്വത്ര മദ്രാസി ഭടന്മാ

(എം. എസ്.

(മദ്രാസ് ഗവണ്ണർ ഈയിടെ ബർമ്മ യുദ്ധരംഗം സന്ദർശിച്ച അവസരത്തിൽ, അദ്ദേഹത്തിന്നുണ്ടായ അനുഭവ

ജനുവരി 3-ാംനു.—ഞങ്ങൾ പതിനാലാം പടയുടെ എച്ച്. ക്യു. വിൽ എത്തി. അപ്പോഴാണ് അക്യാബും, യീവു നഗരവും പിടിച്ചുവെന്ന സന്തോഷവാർത്ത അറിഞ്ഞതു്. വാസ്തവത്തിൽ ഞങ്ങൾ അവിടെ ചെന്നതു അല്പം അസൌകര്യമുള്ള ഒരു സന്ദർഭത്തിലായിരുന്നു. മുന്നണി, മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. ഭക്ഷണത്തിന്നുശേഷം ഞങ്ങൾ മേപ്പുമുറിയിൽപോയി സ്ഥിതിഗതികളെ കണ്ടറിഞ്ഞു. പിറേറന്നു രാവിലെയും മേപ്പുമുറി സന്ദർശിക്കുകയും, തലേന്നാൾ രാത്രി ഉണ്ടായ നേട്ടങ്ങളെയും സമര പുരോഗതിയേയും മനസ്സിലാക്കുകയും ചെയ്തു.

### ജനറൽ ക്രസ്റ്റിസൺറെ കേന്ദ്രത്തിൽ.

ജനുവരി 4-ാംനു ഞങ്ങൾ ഒരു ബീച്ച് ക്രാഫ്ററിലൂടെ ജനറൽ ക്രസ്റ്റിസൺറെ കേന്ദ്രത്തിൽ എത്തി. മദ്രാസുകാരായ നമ്മൾക്കു അദ്ദേഹത്തെ ഓർമ്മയുണ്ടു്. രണ്ടു കൊല്ലം മുമ്പ്,



ജനറൽ ക്രസ്റ്റിസൺ


ദക്ഷിണേന്ത്യയെ ജപ്പാൻ ആക്രമിക്കുന്നപക്ഷം അതിനെ ചെറുക്കുന്നതിന്നുള്ള സംരംഭങ്ങൾ ചെയ്തുകൊണ്ടു ഇദ്ദേഹം മദ്രാസിലുണ്ടായിരുന്നു. ഇപ്പോൾ അദ്ദേഹം അവരെ ബർമ്മയിൽനിന്നു തന്നെ ആട്ടിത്തുരത്തുന്നതിന്നു കോപ്പു കൂട്ടുന്നു. ആദ്യമായി, അക്യാബ് സ്വതന്ത്രമാക്കപ്പെട്ടു. ബർമ്മായുദ്ധരംഗത്തിലെ ഭക്ഷണം വളരെ വിശേഷപ്പെട്ടതായിരുന്നു. ബ്രിട്ടീഷ്കാരും ഇന്ത്യക്കാരുമായ പട്ടാളക്കാരെല്ലാം തന്നെ ഇതു ഞങ്ങളോടു തുറന്നു സമ്മതിച്ചു. ധാർമ്മിക സംഘടനകൾ പട്ടാളക്കാർക്കുവേണ്ടി ചെയ്യു സേവനങ്ങളെയും സൌകര്യങ്ങളെയുംപററി കമാണ്ടർ വളരെയധികം സ്തുതിച്ചു പറഞ്ഞു.

പിന്നീട്ടു ഞങ്ങൾ മദ്രാസി ജി. പി. ടി. കമ്പനികൾ സന്ദർശിച്ചു. അതിൽ, രണ്ടു കമ്പനികൾ മുന്നോട്ടു നീങ്ങുകയായിരുന്നു. തന്മൂലം അവരെങ്ങിനെ കഴിയുന്നു എന്നതിന്നു പകരം, എങ്ങിനെയാണ് കഴിഞ്ഞിരുന്നതു എന്നേ ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചുള്ളു. ഗവണ്ണരവർകൾ, അവരുടെ സ്ഥിതികണ്ടു വളരെ സന്തുഷ്ടത പ്രദർശിപ്പിച്ചു.

അദ്ദേഹത്തിന്നുവേണ്ടി മുമ്പിൽ അണിനിരന്ന പ്രതിനിധികളോടും അദ്ദേഹം ഒററയ്ക്കൊററയ്ക്കു് വർത്തമാനങ്ങൾ ചോദിക്കുകയും ക്ഷേമവിവരങ്ങൾ ആരായുകയും ചെയ്തു. ഗവണ്ണർ അവരോടു്, നാം ചെറുതും വലുതുമായ കേന്ദ്രങ്ങളിൽനിന്നു അവരെപ്പററി കേട്ടിട്ടുള്ള അഭിനന്ദനങ്ങളെപ്പററിയും, പ്രശംസകളെപ്പററിയും പറയുന്നതിന്നു ഈ സന്ദർഭം ഉപയോഗിച്ചു. പിന്നീട്ടു അദ്ദേഹം അവരുടെ വസതികൾ, പാചകശാലകൾ, ഭക്ഷണശാലകൾ, നാടകശാലകൾ ഇവയൊക്കെ ചുററി നടന്നുകണ്ടു. ഭടന്മാർ വളരെ സന്തുഷ്ടരും ആഹ്ലാദചിത്തമായി കാണപ്പെട്ടു. അവർക്കു നല്ല ഭക്ഷണവും, പുസ്തകങ്ങൾ, ഗ്രാമഫോൺ റിക്കാഡുകൾ തുടങ്ങിയവ വേണ്ടത്ര ഉണ്ടായിരുന്നു. വയർലസ്സ് സെററുകൾ വേണ്ടത്ര തന്നെ ഇല്ല.



ജട്ടിയിൽ ജോലി ചെയ്യുന്ന പയണിയർമാരെ ഗവണ്ണർ വീക്ഷിക്കുന്നു



ആർ.ഐ.എൻ. ഘടകങ്ങൾ അറാക്കാനിലെ മെയിബൺ ആക്രമിക്കുന്നതിന്നു പുറപ്പെടുന്നു

# ബർമ്മാ രംഗത്തിൽ

## ...രുടെ വീര്യപരാക്രമങ്ങൾ

ജി.)

...ങ്ങളെയും, കാഴ്ചകളെയും, താഴെ കൊടുക്കുന്ന ലേഖനത്തിൽ തല്ലത്താവ് സംക്ഷിപ്തമായി വിവരിക്കുന്നു.)


### നാടക സഭകൾ

അവരുടെ ഏററവും വലിയ ഉല്ലാസം നാടകങ്ങളാണ്. അവക്കു സ്വന്തമായ നാടക വേദികളുണ്ടായിരുന്നു. അവക്കാവശ്യമായിരുന്നതു് വമ്പിച്ച രംഗവിധാനങ്ങളും, കർട്ടനും മററുമായിരുന്നു. നാടകക്കമ്പനിക്കാർ യുദ്ധരംഗത്തു സന്ദർശിക്കണമെന്നു അവർ ആവശ്യപ്പെട്ടു; തന്നാൽക്കഴിയുന്നതെല്ലാം ഇക്കാര്യത്തിൽ ചെയ്യാമെന്നു ഗവർണ്ണർ ഉറപ്പുകൊടുത്തു.

ഇതിന്നു ശേഷം ഞങ്ങൾ മദ്രാസ് സാപ്പേഴ്സ് മൈനേഴ്സിൻെറ ഒരു ഫീൽഡ് കമ്പനി സന്ദർശിക്കുകയും, ആഫീസർമാരൊന്നിച്ചു ചായ കഴിക്കുകയും ചെയ്തു.

ജനവരി 5-ാം തിയ്യതി രാവിലെ ഒമ്പതു മണിക്കു ഞങ്ങൾ കപ്പാഗാങ്ങിൽ ഇറങ്ങി; മങ്ഡോവിലെ വലിയ തുറമുഖമാണിതു്. ഇവിടെ ഗവർണ്ണർ ഇന്ത്യൻ പയണിയർ കമ്പനി പരിശോധിച്ചു. ഈ കമ്പനിയുടെ നായകത്വം വഹിച്ചിരുന്നതു്, 1944 ൽ യാതൊരു നഷ്ടവും കൂടാതെ ഇംഫാലിൽനിന്നു വന്ന ക്യാപ്ടൻ മാറോഡ് ആയിരുന്നു.

ഗവർണ്ണർ പരിശോധിച്ച വിഭാഗത്തിലെല്ലാം തന്നെ യോദ്ധാക്കളോടു സ്വന്തമായി സംസാരിക്കുകയും, അവരുടെ ക്ഷേമവാർത്തകളെ ചോദിച്ചറിയുകയും ചെയ്തു. മദ്രാസ് സംസ്ഥാനം അവർമൂലം എത്രമാത്രം അഭിമാനിക്കുന്നുണ്ടെന്നും, അവർ വിദൂരദേശത്തിലാണെങ്കിലും, എപ്പോഴും സ്വദേശത്തിന്നു അവരെപ്പററി നല്ല ഓർമ്മയുണ്ടെന്നും അദ്ദേഹം മദ്രാസി യോദ്ധാക്കളോടു പറഞ്ഞു. അവർ ചെയ്യുന്ന സവിശേഷകൃത്യങ്ങളെപ്പററി അദ്ദേഹം പ്രശംസിക്കുകയും, ഔദ്യോഗികവും, അനൌദ്യോഗികവുമായ നിലയിലുള്ള മദ്രാസുകാർ അവരുടെ സുഖസൌകര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യുന്നതായിരിക്കുമെന്നും പറഞ്ഞു. അവർ മറുനാട്ടിലായിരുന്ന കാലത്തു അവരുടെ കുടുംബക്ഷേമത്തിന്നു വേണ്ടതെല്ലാം തന്നെ ചെയ്തുവരുന്നുവെന്നും അറിയിച്ചു.



മദ്രാസി സേനകളെ പരിശോധിക്കുന്നു



ഗവണ്ണർ മേയു നിരകളിലേക്കു പോകുമ്പോൾ ഉപയോഗിച്ച ജീപ്പ്

### മേയു നിരകളിൽ

ഈ വിഷമം പിടിച്ച പ്രദേശങ്ങളിലും ധാരാളം മദ്രാസി ഭടന്മാർ ഉണ്ടായിരുന്നു. അവരിൽ പലരും യുദ്ധത്തിൽ ഈടുപെട്ടിരുന്നതിനാൽ എല്ലാവരേയും ഞങ്ങൾക്കു കാണ്മാൻ സാധിച്ചില്ല.

അവരുടെ വിനോദശാലകൾ ഞങ്ങൾ സന്ദർശിച്ചു. ആ മദ്രാസ് പയണിയർമാർ ഗവർണ്ണർക്കു നൽകിയ സ്വീകരണം അത്രമേൽ ഹൃദ്യമായ ഒന്നായിരുന്നു. അവക്കു വിനോദത്തിന്നും ഉല്ലാസസൌകര്യങ്ങൾക്കുമായി കൂടുതൽ വല്ലതും വേണ്ടതുണ്ടോ എന്നു ഗവർണ്ണർ ചോദിച്ചതിന്നു് അവക്കു ഹോക്കി വടികളും തബലകളും വേണമെന്നു പറഞ്ഞു. അവ നൽകുന്നതാണെന്നും ഗവർണ്ണർ പറഞ്ഞു.

ഈ സംഘം മദ്രാസി പയണിയർമാർ 1943 ഫെബ്രുവരി 20-ാം തീയ്യതി മങ്ഡോവിൽ വെച്ചു യുദ്ധത്തിൽ ഏർപ്പെട്ടു. ട്യൂണൽസ് പ്രദേശത്തെ വിശ്രുതമായ യുദ്ധവും അവർ കണ്ടു. മുന്നണിയിൽ പൊരുതുന്ന യോദ്ധാക്കൾക്കു സന്ദേശനിരകളും, സാമാനങ്ങളും എത്തിച്ചുകൊടുക്കുന്നതിന്നായിരുന്നു അവരെ നിയോഗിക്കപ്പെട്ടിരുന്നത്.

ജനുവരി 6-ാം തിയ്യതി—വല്ലാത്തമഴ—ആറക്കാനിൽ മഴക്കാലത്തെ സ്ഥിതി എന്താണെന്നു ഇതു മൂലം ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ചളിയിലൂടെ നടക്കാൻ സാധിക്കാത്തതിനാൽ, ആൾക്കൊരു സ്ഥലം സന്ദർശിക്കുന്നതിന്നു സാധിച്ചില്ല. എന്നാലും, ജട്ടിയിൽ പണിയെടുക്കുന്ന ഒരു കൂട്ടം മദ്രാസ്കാരേയും, മദ്രാസ് ഇഞ്ചിനിയർമാരുടെ ഒരു വിഭാഗത്തേയും അദ്ദേഹം സന്ദർശിച്ചു. അതിന്നുശേഷം ഇന്ത്യൻ പോർട്ട് ഓപ്പറേറ്റിങ്ങ് കമ്പനി സന്ദർശിച്ചു. അവക്കു വിനോദവ്യവസ്ഥകൾ അല്പം കുറവായിരുന്നു. അവർ തങ്ങൾക്കു തമിഴിലും, മലയാളത്തിലും ഉള്ള ഗ്രാമഫോൺ റിക്കാഡുകളും, കഴിയുമെങ്കിൽ വയർലസ്സും ആവശ്യമുണ്ടെന്നു് അവർ പറഞ്ഞു. ആദ്യത്തെ ആവശ്യം ഏതായാലും സാധിപ്പിച്ചുകൊടുക്കാമെന്നു ഗവർണ്ണർ വാഗ്ദാനം ചെയ്തു. പിന്നീടു സന്ദർശിച്ചതു് ആസ്പത്രിയാണ്. ഗവർണ്ണർ എല്ലാ വാഡിലും ചെന്നു ഒരൊററ മദിരാശിക്കാരനേയും അദ്ദേഹം കാണാതിരുന്നില്ല. പക്ഷെ, വാഡുകൾ വളരെ അധികം ഒഴിഞ്ഞുകിടന്നിരുന്നുവെന്നു പറയുന്നതിന്നു എനിക്കു സന്തോഷമുണ്ടു്.

ജനുവരി 7-ാം തിയ്യതി റോഡിലെല്ലാം ചളിയും മണ്ണും ആയിരുന്നതിനാൽ വിചാരിച്ചപോലെ ഞങ്ങളുടെ യാത്ര ശരിപ്പെട്ടില്ല. എല്ലാ കടൽക്കരയിലും 700 ൽ പരം മദ്രാസികൾ നിരന്നു നിൽക്കുന്നതു് ഞങ്ങൾ കണ്ടു. അവർ ഇന്ത്യൻ ആർട്ടിലറിയിലും, സിഗ്നൽ കോറിലും ഉൾപ്പെട്ടവരായിരുന്നു. അവരെ പരിശോധിച്ച ശേഷം, ഗവർണ്ണർ ജീപ്പിൽ എഴുന്നേററുനിന്നുകൊണ്ടു് അവരോടെല്ലാംതന്നെ പ്രസംഗിച്ചു. ഭടന്മാരെല്ലാം ഗവർണ്ണർക്കു ചുററും തിക്കിത്തിരക്കിക്കൂടി.

അവസാനം 500 ആർ.ഐ.എ.എസ്.സി. ക്കാരെയാണു് പരിശോധിച്ചതു്. അതിന്നു ശേഷം, കോർ കമാണ്ടറൊന്നിച്ചു ഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ കൽക്കത്തയിലേക്കു പറന്നു.

സന്ദർശനം വളരെ വിജയകരമായിരുന്നു—തങ്ങളുടെ നാട്ടിലേയും വീട്ടിലേയും വർത്തമാനങ്ങൾ വഹിച്ചെത്തുന്ന ഗവർണ്ണരെ കണ്ടപ്പോൾ ഭടന്മാർക്കുള്ള ആനന്ദം അനല്പമായിരുന്നു. തങ്ങൾ, അഹ്ളാദചിത്തരും സന്തുഷ്ടരുമാണെന്നുള്ള സന്ദേശമാണു് അവർ ഞങ്ങളോടു നാട്ടുകാർക്കു നൽകാൻ ആശിച്ചതു്.

ഈ സംസ്ഥാനത്തിന്നു തീർച്ചയായും അവരുടെ യുദ്ധസേവനത്താൽ, അഭിമാനിക്കാവുന്നതാണ്.

# "നേരം അതിക്രമിക്കുന്നു"

(കെ. സി. കെ. പണിക്കർ.)

(അന്നനട)

തകിച്ചുചാടണം രണാങ്കണത്തിലേ-
ക്കതിവേഗം നമ്മൾ കുതിച്ചുചാടണം.
ഇതെന്തു ജപ്പാന്റെ കുതന്ത്രവിദ്യകൾ-
ക്കിടമിവിടയോ, മനോജ്ഞഭാരതം ?
ധരിച്ചതെന്തിവർ ഭരതനാടിതു-
ചെറിയ രാജ്യമോ, മരുപ്രദേശമോ ?
പതഞ്ഞുപൊങ്ങുമച്ചുടുരക്തപ്രഭ-
ചതിയരാമവരറിഞ്ഞതില്ലെന്നോ ?
മനോരാജ്യത്തിലീ വിധത്തിൽ ജപ്പാൻകാർ
മനോജ്ഞഭാരതം "ദിവാസ്വപ്നം"കണ്ടു !
അനേകവർഷമായ് രണാങ്കണംതന്നി-
ലനന്യവീരരായ് പൊരുതിയ നമ്മൾ,
കുറിയൊരീജാപ്പു കുരങ്ങിനെ കണ്ടാൽ-
വിറച്ചുപായുമെന്നവരോർത്തു പാവം !
കുതിച്ചുപോരുവിൻ, പൊരുതുവാൻ, പോരിൽ-
ജയം വരിക്കുവാൻ, സഹജരെ നിങ്ങൾ !
പ്രതാപവീര്യരാം രജപുത്രപ്പട-
പ്രതികാരാത്മമായ് പൊരുതി നില്ക്കുന്നു.
രജപുത്താനതൻ ഗഗനത്തിലവർ
വിജയക്കുറകൾ പറപ്പിക്കും ധൃതം.
നിണം കുടിക്കുവാൻ കുതിക്കും 'കുക്കിരി'
യണച്ചുതാഗ്രക്കപ്പട ഗമിക്കുന്നു.
ഗുരു നാനാക്കുതൻ വചനമാത്രയിൽ,
ഗുരു ഗോവിന്ദനെ സ്മരിക്കും നേരത്തിൽ,
ചുടുരക്തം തിളച്ചുടക്കളം തന്നി-
ലടരാടുന്നിതാ പ്രബലർ സിക്കുകാർ.
പുക വമിച്ചിട്ടും വലിയപീരങ്കി-
ത്തകർത്തിട്ടും സ്വരമവർക്കു നിസ്സാരം.
ഉയർന്ന മാറുകളുയർത്തിക്കൊണ്ടതാ-
ഭയാനകം പഠാൻ പടകൾ പോകുന്നു,
ഭയങ്കര മജ്മീർ മഹാമറായും
അന്നിനിരക്കുന്ന രണഭൂവെങ്ങുമേ :
പെരിയതോടിനും നദിക്കും ചുററിലായ്
തെരുതെരെ പാലം പണിയും സാപ്പേഴ്സും
ധിഷണയിൽ ലേശം ഭയംകലരാതെ
വിക്രമമേശാതെ, പടക്കു തയ്യാറായ്;
വത്രസഖേ, പോകാമടക്കളം തന്നിൽ
പൊരുതുവാൻ നേരമതിക്രമിക്കുന്നു.

(ശുഭം)

ഏകാങ്കനാടകം

# "നേഴ്സ്"

(എൽ. ഭവാനി കുഞ്ഞമ്മ, മാവേലിക്കര.)

(തുടർച്ച)

## രംഗം IV

(ജനറൽ നിരാശയോടെ ആഫീസ്സ് മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുന്നു. മൂന്നാമത്തെ രംഗത്തിനുശേഷം ഒരു യുദ്ധം കഴിഞ്ഞു.)

ജനറൽ (സ്വഗതം) : ഒരു മാർഗ്ഗവും ഞാൻ കാണുന്നില്ല. ഈ സഖ്യഭടന്മാർ ഒരു തരം മായാവികളാണ്. അവർ കാട്ടിലും മേട്ടിലും, കുന്നിലും, ചതുപ്പിലും ഒരുപോലെ പോരാടുന്നു. നമ്മുടെ സൈന്യങ്ങൾ പട്ടിണി കിടന്നു മരിക്കുമ്പോൾ അവർ വേണ്ടുവോളം ഭക്ഷിച്ചു മരിക്കുന്നു. ആയുധസാമഗ്രികൾ എപ്പോഴും വിതരണം ചെയ്യുന്നതിന്നു അവർക്കൊരു കുറവുമില്ല. (വീണ്ടും അസഹ്യഭാവത്തിൽ) നമ്മുടെ അധീനതയിലുള്ള ബർമ്മയുടെ ഭാഗങ്ങളിലുള്ള ജനങ്ങൾ പോലും അവർക്കു രഹസ്യമായി വേണ്ട സഹായങ്ങൾ ചെയ്യുന്നു. ടോക്കിയോവിൽനിന്നു കിട്ടുന്ന അറിവുകളാണെങ്കിൽ അതിഭയങ്കരം. ശത്രുപീഡയനുഭവിക്കുന്ന നമ്മുടെ നാട്ടുകാർ തന്നെ നമ്മെ പഴിക്കുന്നു. ഈ വിഷമസന്ധിയിൽ എന്തു ചെയ്യണമെന്നറിയുന്നില്ല. നമ്മുടെ അധീനതയിലുള്ള ഭടന്മാരുമായി സഖ്യശക്തികളെ കീഴടങ്ങിക്കളഞ്ഞാലെന്തു് ? എന്നാൽ ഒരു വിഷമം ! ലോകം നമ്മെ വെറുത്തുകളഞ്ഞു. അവർ നമ്മെ വിശ്വസിക്കയില്ല.

(ഒരു ഭടൻ പിന്നിലും നേഴ്സു മുന്നിലുമായി പ്രവേശിക്കുന്നു. നേഴ്സു ബർമ്മാക്കാരായ സ്ത്രീകളുടെ വേഷം.)

ഭടൻ : സർ, ഇവൾ ഇന്നു രാവിലെ മുതൽ നമ്മുടെ ക്യാമ്പിന്നു ചുററും പതുങ്ങിപ്പതുങ്ങി നടക്കുന്നു. നമ്മുടെ സംരംഭങ്ങളെപ്പററി ശ്രദ്ധമായി അറിയുന്നതിന്നാണ് ഇവൾ ശ്രമിക്കുന്നതു്. ഇവൾ സഖ്യസൈന്യത്തിലെ സി.ഐ.ഡി. ആണെന്നു തോന്നുന്നു.

നേഴ്സു (ജനറലിന്റെ നേരെ നോക്കി ശൃംഗാരം അഭിനയിച്ചുകൊണ്ടു) : സർ, ഞാൻ സി.ഐ.ഡി. യും മററുമല്ല. ഈ നാട്ടുകാരിയാണ്. ഇയാൾ പറയുന്നതിൽ യാതൊരർത്ഥവുമില്ല.

ജനറൽ (നേഴ്സിന്റെ സൌന്ദര്യം നയനങ്ങൾമാർഗ്ഗം ആസ്വദിച്ചു അല്പം ആലോചിച്ചശേഷം) : നേഴ്സിനെ കൊണ്ടുവന്ന ഭടനെയും വസന്തത്തിന്റെ കാവൽക്കാരൻ ഭടനെയും നോക്കി) നിങ്ങൾ വെളിയിൽ പൊയ്ക്കൊൾവിൻ. ഞാൻ വെളിയിൽ എപ്പോഴെങ്കിലും വന്നതിന്നുശേഷം, ജയിൽമുറിഡ്യൂട്ടിക്കാരൻ അകത്തുവന്നാൽ മതി. ഞാൻ ഇവിടെയുള്ളപ്പോൾ തടവുകാരൻ കടന്നുകളയുമെന്നു ഭയപ്പെടേണ്ടാ. ഉം, പോകിൻ. (ഭടന്മാർ പോകുന്നു.)

ജനറൽ (നേഴ്സിനോടു) : അടുത്തു വരു. സൌന്ദര്യത്തെ ആസ്വദിക്കുവാനുള്ള ഹൃദയം ജപ്പാൻകാർക്കു ഉണ്ടെന്നറിഞ്ഞുകൂടേ ?

നേഴ്സ് (പ്രണയംനടിച്ചു) : അറിയാം. അതുകൊണ്ടല്ലേ ഞാനിവിടെ വന്നതു് ? (അടുത്തു ചെല്ലുന്നു.)

ജനറൽ : ഇരിക്കു. (അടുത്തുകിടന്ന കസേരയിൽ നേഴ്സിരിക്കുന്നു.) യുദ്ധസംബന്ധമായ ചുമതലകളിൽ ഇടപെട്ടു മനമുരുകിയിരിക്കുമ്പോൾ ഭവതിയെപ്പോലെയുള്ള സൌന്ദര്യധാമങ്ങളുടെ സാന്നിദ്ധ്യം വിലമതിക്കാൻ പാടില്ലാത്തതാണ്.

നേഴ്സ് : അങ്ങയുടെ ഹൃദയവ്യഥകളെല്ലാം എന്റെ സഹകരണംമൂലം എന്നേക്കുമായി മാറുമെന്നു വിശ്വസിക്കുന്നു.

ജനറൽ : നീ ഒരു ഭൂലോകസുന്ദരിയാണ്. ഇപ്രകാരമുള്ള ആകാരസൌഷ്ഠവം ജപ്പാനിൽ വളരെ വിരളമായേ കാണാൻ കഴികയുള്ളു. (ജനറൽ ഒരു അൽമാര തുറന്നു രണ്ടു കുപ്പി മദ്യമെടുത്തു മേശപ്പുറത്തുവയ്ക്കുന്നു.) ഇതു കുറെ ഉപയോഗിച്ചുകൊള്ളു. വിശേഷപ്പെട്ട മദ്യമാണ്

നേഴ്സ് (വിനീതയായി) : ക്ഷമിക്കണം. ബർമ്മാക്കാരായ സ്ത്രീകൾ മദ്യപാനം ചെയ്കയില്ല.

ജനറൽ : ഇന്നുമുതൽ എന്റെ ഓമന, ഒരു ജപ്പാൻകാരിയാണ്. അല്പം കുടിക്കു. വളരെ ഉന്മേഷമുണ്ടാകും.

നേഴ്സ് : എനിക്കു മദ്യം കുടിച്ചു ശീലമില്ല. ക്രമേണ ശീലിച്ചുകൊള്ളാം. (നേഴ്സ് ഒരു ചെറിയ പാത്രത്തിൽ കുറേശ്ശെ പകർന്നു് ജനറലിന്നു കൊടുക്കുന്നു.

ജനറൽ (കുറെ മദ്യം ഉപയോഗിച്ചശേഷം) : ഭവതിക്കു നൃത്തം പരിചയമുണ്ടോ.

(നേഴ്സ് ഇന്ത്യൻ രീതിയിലുള്ള നൃത്തം ചെയ്യുന്നു. അവളുടെ നൃത്തത്തിൽ മതിമറന്നു് ജനറൽ മദ്യം മുഴുവൻ കുടിക്കുന്നു. വെളിയിൽ സഖ്യസേനയുടെ പീരങ്കികളുടെയും തോക്കുകളുടെയും ഭയങ്കരശബ്ദത്തോടൊരുമിച്ചു ജപ്പാൻ ഭടന്മാരുടെ ദീനരോദനം തുടരെത്തുടരെ കേൾക്കുന്നു. നേഴ്സ് നൃത്തത്തിന്നും പാട്ടിന്നും കൊഴുപ്പു കൂട്ടുന്നു. മദ്യപാനത്താൽ ഉന്മത്തനായ ജനറൽ യാതൊന്നും അറിയാതെ നേഴ്സിന്റെ ശരീരസൌന്ദര്യത്തിൽ മാത്രം ലയിച്ചു ഇരിക്കുന്നു. അവൾ സാരിക്കിടയിൽ ഒളിച്ചു വച്ചിരുന്ന പിസ്റ്റൽ പെട്ടെന്നു എടുത്തു ജനറലിന്റെ മാറിനെ ലാക്കാക്കി വെടിവെയ്ക്കുന്നു. ജനറൽ ഭയങ്കരരോദനത്തോടെ വീഴുന്നു. വെളിയിൽ നിന്നിരുന്ന പാറാവുകാരൻ ഓടിയെത്തുന്നു. അവനും നേഴ്സിന്റെ തോക്കിന്നു ഇരയാകുന്നു. നേഴ്സ് ജയിൽ തുറന്നു് വസന്തത്തെ വെളിയിലിറക്കുന്നു. ബ്രിട്ടീഷ് പതിനാലാം പടയുടെ ക്യാപ്റ്റനും ഏതാനും ഭടന്മാരും വിജയശ്രീലാളിതരായി ജനറലിന്റെ ആഫീസ്സ് മുറിയിൽ പ്രവേശിക്കുന്നു. നേഴ്സിനെയും വസന്തത്തെയും, നേഴ്സിന്റെ വെടിയേററു മരിച്ചവരുടെ പ്രേതങ്ങളെയും നോക്കി അല്പനേരം നിന്നശേഷം :

ക്യാപ്റ്റൻ : (നേഴ്സിന്റെയും വസന്തത്തിന്റെയും അടുത്തുചെന്നു ഷേക്ക് ഹാന്റ് ചെയ്തു്) വസന്തം ! നീ മരിച്ചുപോയി എന്നു നാം വിചാരിച്ചു

വസന്തം : സർ, ഞാൻ മരിക്കുമായിരുന്നു. ആ ദുഷ്ടന്മാർ എന്നെ ഇന്നു വധിക്കുമായിരുന്നു. എന്നാൽ നേഴ്സ് എന്നെ രക്ഷിച്ചു.

ക്യാപ്റ്റൻ : നേഴ്സ്, ഭവതി വസന്തത്തെ രക്ഷിച്ചു. ഇവിടെ നടന്ന സംഭവങ്ങളെല്ലാം ഈ കാഴ്ചകൾകൊണ്ടു ഞാൻ മനസ്സിലാക്കുന്നു. ടോക്കിയോവിൽ നാം നമ്മുടെ പതാകകൾ പറപ്പിക്കുമ്പോൾ എന്റെ വസന്തവും, നേഴ്സും അതിൽ പങ്കുകൊള്ളരുതെന്നു് കരുണാനിധിയായ ഈശ്വരൻ വിധിക്കുകയില്ല. ഭവതിയുടെ ബുദ്ധിശക്തിയെയും ധൈര്യത്തെയും ഞാൻ അഭിനന്ദിക്കുന്നു. ഞാൻ ഇന്ത്യൻ സ്ത്രീകളുടെ ധൈര്യത്തെപ്പററി കേട്ടിട്ടേയുണ്ടായിരുന്നുള്ളു. ഇന്നു് അതു നേരിൽ കണ്ടറിഞ്ഞു. ഭവതിയാണ് യഥാർത്ഥ ഭാരതസ്ത്രീ.

(വസന്തത്തിന്റെ കൈകളെയും നേഴ്സിന്റെ കരങ്ങളെയും ചേർത്തുപിടിച്ചുകൊണ്ടു്.)

വസന്തം ! ഇതാ നിങ്ങൾക്കൊരു വീരതരുണി. സ്വീകരിച്ചുകൊള്ളു. നിങ്ങളെ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ. നിങ്ങളുടെ ദാമ്പത്യജീവിതം ശോഭനമായിരിക്കട്ടെ.

(ഭടന്മാർ ചിയേഴ്സ് വിളിക്കുന്നു.)

(കർട്ടൻ.)

ശുഭം.

ചെറുകഥ

# ബാലേട്ടൻ വന്നു!

(ബാലകൃഷ്ണൻ)

"ജാനു! നീ വിചാരിക്കുന്നുണ്ടോ ബാലേട്ടൻ അങ്ങിനെ ചെയ്യുമെന്നു? നിനക്കറിയില്ല: ബാലേട്ടന്നു് എന്നോടു എന്തു് സ്നേഹമായിരുന്നുവെന്നോ. ഹാ! ഞങ്ങൾ തമ്മിൽ അവസാനം വേർപിരിഞ്ഞ ആ ദിവസം! എനിക്കതാലോചിക്കുവാൻകൂടി വയ്യ!" പത്മം തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു. അവളുടെ കണ്ണുകൾ നിറഞ്ഞു. അവൾ തുടർന്നു: "ഞാൻ ബാലേട്ടന്റെ മുറിയിൽ വിളക്കു കൊളുത്തുകയായിരുന്നു. ഒരാറുമണി സമയമായിരിക്കും; അപ്പോഴാണു് അവർ കോണി കയറി വന്നതു. ഒരായിരം വികാരങ്ങൾ അവരുടെ മുഖത്തു നിഴലിക്കുന്നുണ്ടെന്നു ആ പുതുവെളിച്ചത്തിൽ എനിക്കു തോന്നി. കീശയിൽനിന്നു് ഒരു ലക്കോട്ടെടുത്തു മേശമേൽ എറിഞ്ഞു അവർ ചാരുകസാലമേൽ മലർന്നുകിടന്നു. നെററിയിലെ വിയർപ്പു തുള്ളികൾ തുടച്ചുകൊണ്ടു അവരെന്നോടു ചോദിച്ചു. 'പത്മം! മുത്തശ്ശിയെവിടെ?' എന്നു്. 'ഉം, എന്തേ? അവർ കുളിക്കുകയായിരിക്കും' ഞാൻ മറുപടി പറഞ്ഞു. ഒരു ചെറുപുഞ്ചിരി ആ മുഖത്തെ കൂടുതൽ മോഹനമാക്കിത്തീർത്തു. അവർ എന്റെ മുഖത്തു വീണ്ടും നോക്കി; എന്നിട്ടിങ്ങിനെ പറഞ്ഞു: 'ഹേ! വിശേഷിച്ചൊന്നുമില്ല. നീ ഇതൊന്നു വായിച്ചുനോക്കൂ!' ആ ലക്കോട്ടു എന്റെ നേർക്കു നീട്ടി. അതെന്തായിരിക്കാം എന്നു ഞാൻ സംശയിച്ചു. ഞാൻ വായിച്ചുനോക്കി. 'മി. കെ. ആർ. ബാലചന്ദ്രനെ മിലിട്ടറിയിൽ ഒരു കമ്മിഷണൻഡ് ഓഫീസരായി തിരഞ്ഞെടുത്തിരിക്കുന്നുവെന്നും ഉടനെ ഹാജരാകണമെന്നും' ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരെഴുത്തായിരുന്നു അതു. ഞാൻ ഒന്നും മിണ്ടിയില്ല. ബാലേട്ടൻ എന്നെ സൂക്ഷിച്ചു നോക്കുന്നുണ്ടായിരുന്നു. ഞാൻ ജനലിൽകൂടി പുറത്തേക്കു നോക്കി. അസ്തമനസൂര്യന്റെ ചെങ്കതിരുകൾ എന്നെത്തലോടിക്കൊണ്ടിരുന്നു. ഞാൻ എത്ര നേരമാണു് അങ്ങിനെ നിന്നതെന്നറിഞ്ഞില്ല. രണ്ടു പരുപരുത്ത കരങ്ങൾ എന്റെ ചുമലിൽ വീണു. ഞാൻ ഞെട്ടിയുണർന്നു; അതു ബാലേട്ടന്റേതായിരുന്നു. അഞ്ചാറു കൊല്ലമായിട്ടു അന്നാദ്യമായിട്ടാണു്, ജാനു, ബാലേട്ടൻ എന്നെ തൊടുന്നതു. ഞാൻ ലജ്ജിച്ചുപോയി. ബാലേട്ടൻ പറഞ്ഞു: 'പത്മം! നീ എന്തെ ഒന്നും മിണ്ടാത്തതു? ഒന്നിങ്ങോട്ടു നോക്കൂ! വ്യസനിക്കുവാനൊന്നുമില്ലല്ലോ!'

'ഇതെന്തിനുള്ള പുറപ്പാടാണു്?' ഞാൻ വിക്കിവിക്കി ചോദിച്ചു. 'പുറപ്പാടോ!—ഈ പുറപ്പാടു—ഇതു എന്റെ ഓമനയുടെ—അല്ല നമ്മുടെ, ജീവിതം പരിപൂർണ്ണമാക്കുവാനുള്ള പുറപ്പാടാണു്. ബാലേട്ടൻ വലിയൊരാഫീസറായി വരുന്നതു പത്മത്തിന്നഭിമാനകരമല്ലേ? അന്നു എന്നെ ഒരു ഗ്രാമീണ യുവാവായിട്ടല്ല, അറിവിന്റെയും അന്തസ്സിന്റെയും ഒരു പ്രതിരൂപമായിട്ടാണു് എന്റെ ഓമന കാണുക! എന്റെ ജീവിതം ഒരു നല്ല വഴിക്കു തിരിയുമ്പോൾ അതിന്നു് പത്മത്തിന്റെ പരിപൂർണ്ണസമ്മതം എനിക്കത്യാവശ്യമാണു്. മുത്തശ്ശിയെക്കൊണ്ടു സമ്മതിപ്പിക്കാം, ഈ കണ്ണുനീർക്കണങ്ങളാണു് എനിക്കു കാണുവാൻ വയ്യാത്തതു.' ഞാൻ ബാലേട്ടന്റെ മാറിൽ ചാരിക്കിടന്നു. 'എനിക്കാരാണുള്ളതു?' ഞാൻ പിന്നെയും ചോദിച്ചു. ആ കൈകൾ എന്റെ കവിൾത്തടത്തെത്തലോടി. ഞങ്ങളുടെ മുഖങ്ങൾ തമ്മിലിടഞ്ഞു. ഒന്നാമത്തെ പ്രാവശ്യം അന്നാണു് ബാലേട്ടൻ എന്നെ ചുംബിച്ചതു. എന്റെ ശരീരം കോരിത്തരിക്കുന്നതുപോലെ എനിക്കു തോന്നി. കണ്ണുനീർ തുടച്ചുകൊണ്ടു അവർ പറഞ്ഞു: 'തങ്കത്തിന്നു ഞാനില്ലേ? ബാലേട്ടൻ നിന്നെ എന്നും മറക്കുകയില്ലെന്നു വിശ്വസിച്ചോളൂ. യുദ്ധരംഗത്തിലായാലും സുഖനിദ്രയിലായാലും എന്റെ ഓമനയുടെ രൂപം എല്ലായ്പ്പോഴും എന്റെ മനസ്സിൽ പ്രതിഫലിച്ചുകൊണ്ടേയിരിക്കും. അതു മതി എനിക്കു ഉത്സാഹവും ഉണർവ്വും തരുവാൻ; പത്മം! മുത്തശ്ശിയോടു വിവരം പറയട്ടേ, നമുക്കു താഴത്തേക്കു പോകാം.' അതിന്റെ പിറെറ ദിവസമാണു് ജാനു! ബാലേട്ടൻ ഉദ്യോഗത്തിന്നു് പോയതു. എനിക്കെപ്പോഴും ഉറച്ച വിശ്വാസമുണ്ടു്. ഞങ്ങളുടെ ജീവിതം സുഖപൂർണ്ണമായിരിക്കുമെന്നാണു് എന്റെ അന്തഃകരണം എന്നോടു പറയുന്നതു്. ജാനു! മുത്തശ്ശി വരുന്നുണ്ടു. ഞാൻ പോകട്ടേ!"

* * * *

സുപ്രസിദ്ധമായ കോലോത്തു തറവാട്ടിലെ ഏകസന്താനമാണു് ബാലചന്ദ്രൻ. അച്ഛനും അമ്മയും ചെറുപ്പത്തിലേ മരിച്ചുപോയ ഒരു കൊച്ചുകുഞ്ഞു്. പത്മം ബാലചന്ദ്രന്റെ അമ്മാമന്റെ മകളാണു്. സിങ്കപ്പൂരിൽ ഉദ്യോഗമായിരുന്ന അമ്മാമന്റെ യാതൊരു വിവരവുമില്ലാത്തതു അഞ്ചാറു വർഷമായി. മുത്തശ്ശിയാണു് കുട്ടികളെ വളർത്തിയതു. തറവാട്ടിന്റെ മഹിമയും പാരമ്പര്യവും നിലനിർത്തുന്നതിൽ മുത്തശ്ശിക്കു ഒരു പ്രത്യേക വാസനയുണ്ടു്. അതുകൊണ്ടാണു് അവർ ചന്ദ്രനെ ബി.എ.വരെ പഠിക്കുവാൻ അനുവദിച്ചതു. കോരിച്ചൊരിയുന്ന മഴയിലും ബാലേട്ടന്റെയൊന്നിച്ചു കുട ചൂടി പള്ളിക്കൂടത്തിൽ പോകുക പത്മത്തിന്നൊരു രസമായിരുന്നു. അഞ്ചാം ക്ലാസ്സിലെ മിടുമിടുക്കനായ കുട്ടി എന്ന സ്ഥാനം അവനാണുള്ളതെന്നവൾക്കറിയാം. കളിയിലും അവൻ അതിവിരുതനായിരുന്നു. എന്താപത്തു വന്നാലും കൂസാത്ത ഒരു സ്വഭാവമാണു് അവന്റേതു. അവന്റെ പാരമ്പര്യം അത്ര മെച്ചമായിരുന്നുവെന്നു അവന്നറിയാം. രാത്രികാലങ്ങളിൽ മുത്തശ്ശി പറയാറുള്ള അവരുടെ തറവാട്ടുചരിത്രങ്ങൾ അവൻ കേട്ടിട്ടുണ്ടു്. "അതു നൂറു നൂററമ്പതു കൊല്ലമായി. ഇംഗ്ലീഷുകാർ വരുന്നതിന്നുമുമ്പായിരുന്നു. വലിയമ്മാമന്റെ കാലമാണു്. അന്നു കോവിലകത്തെ പടത്തലവനായിരുന്നു അവർ. ഒരു ദിവസം രാത്രി കോയമ്പത്തൂരിൽനിന്നു് വരുമ്പോൾ, പാലക്കാട്ടു ചുരത്തിൽവെച്ചു വലിയമ്മാമനെ ശത്രുകൾ വളഞ്ഞു. അമ്മാമനും കാര്യസ്ഥൻ കിട്ടുണ്ണിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൂരാക്കൂരിരുട്ടും; കുറേശ്ശ മഴ പെയ്യുന്നുമുണ്ടായിരുന്നു. കിട്ടുണ്ണി പിന്നെ പറഞ്ഞുപോലും തമ്പുരാൻ ആ ചൂട്ടുവെളിച്ചത്തിൽ നരസിംഹത്തിനെപ്പോലെയായിരുന്നുവെന്നു്. പതിനഞ്ചു പട്ടക്കുററന്മാരെയാണു് അന്നു് പാലക്കാട്ടു ചുരത്തുവെച്ചു അമ്മാമൻ കൊന്നൊടുക്കിയതു. ചോര പുരണ്ട വാളുംകൊണ്ടു കോവിലകത്തു ചെന്നു വന്ദിച്ചപ്പോൾ തമ്പുരാൻ കല്പിച്ചു സമ്മാനിച്ചതാണു് സ്വർണ്ണപ്പിടിയുള്ള കഠാരവും, ആ നാലു ചിറേറനിക്കണ്ടങ്ങളും. അത്ര ശൌര്യമുള്ളവരായിരുന്നു അന്നുള്ളവർ." എത്രയോ പ്രാവശ്യം അവർ കേൾക്കാറുള്ള വീരചരിതങ്ങളുടെ ഒരംശം മാത്രമാണിതു. പിഞ്ചു പൈതങ്ങളുടെ ഹൃദയത്തിൽ കുത്തിവെക്കുവാൻ ഇതു നല്ലൊരു ഔഷധമായിരുന്നു. കാലം അങ്ങിനെ പോയ്ക്കൊണ്ടേയിരുന്നു. ഉദ്യോഗത്തിന്നു് ക്ഷാമമുള്ള ഒരു ദുർഘടഘട്ടത്തിലാണു് ചന്ദ്രൻ ബി.എ. പാസ്സായതു. പത്മം മെട്രിക്കുലേഷൻ പാസ്സായതിനുശേഷം പഠിപ്പു നിർത്തി. വലിയൊരുത്തരവാദിത്വമുണ്ടായിരുന്നു ഇന്നു് ബാലചന്ദ്രന്നു്. സ്കൂൾ ജീവിതത്തിലെ ആ ആശാമുകുളങ്ങൾ എന്തൊക്കെയായിരുന്നു! കോമളനും അജാനബാഹുവുമായ ബാലചന്ദ്രനെ കാണുമ്പോൾ പണ്ടൊന്നുമുണ്ടായിട്ടില്ലാത്ത ഒരു രസവിശേഷം തന്റെ മനസ്സിൽകൂടി കടന്നുപോകുന്നതുപോലെയാണു് പത്മത്തിന്നനുഭവപ്പെടാറു്. അവളുടെ ഹൃദയം എന്തോ ഒന്നിന്നു വെമ്പുകയാണു്. പണ്ടത്തെപ്പോലെ സംസാരിക്കുന്നതും ചിരിക്കുന്നതും ആരാനും കണ്ടാൽ മോശമാണെന്നവൾക്കിപ്പോഴറിയാം. ഉദ്യോഗമില്ലാതെ അലയുക! അതു ചന്ദ്രന്നു ദുസ്സഹമായിരുന്നു. പിന്നെ അവന്റെ ആ കുലീനപാരമ്പര്യത്തെ നിലനിർത്തേണ്ട കടമ

## സ്ക്വാഡ്രൺ ലീഡർ ആർ. രാജാറാം

(ഐ. എ. എഫ്. സ്ക്വാഡ്രനെ നയിക്കുന്ന ആദ്യത്തെ മദ്രാസുകാരൻ.)



ആസ്സാമിൽ ഒരു വിമാനവിഭാഗത്തിലെ ഫ്ലൈറ്റ് കമാണ്ടരായിരുന്ന മദ്രാസുകാരൻ ആർ. രാജാറാമിനെ ഒരു സ്ക്വാഡ്രൺ (വിമാനസേനാവിഭാഗം) നായകനായി ഉയർത്തിയിരിക്കുന്നു. ഒരു ഐ.എ.എഫ്. വിഭാഗം നയിക്കുന്ന ആദ്യത്തെ മദ്രാസുകാരൻ ഇദ്ദേഹമാണു്.

രാജാറാം 1917 ൽ മധുരയിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവു് ഇന്ത്യൻ സർവ്വീസ് ഇഞ്ചിനീയർമാരിലൊരാളായിരുന്ന റാവു ബഹദൂർ ബി. എസ്. രാമസ്വാമി അയ്യരാണു്. 1939 സപ്തെമ്പറിൽ അദ്ദേഹം ഐ. എ. എഫിൽ ചേർന്നു. ഒരു നിരീക്ഷകനായി ആദ്യം പരിശീലിച്ചു. ഒരു നാവിഗേററരായും, പിന്നീടു വൈമാനികനായും പരിശീലനം നടത്തി. അദ്ദേഹം ഇന്നു നേതൃത്വം വഹിക്കുന്ന ആ വിഭാഗത്തിൽ രാജാറാം ചേർന്നതു 1943 ഡിസെമ്പറിലാണു്. ഐ.എ.എഫിൽചേരുന്നതിന്നു മുമ്പു അദ്ദേഹം ഒരു സിവിലിയൻ വൈമാനികനായിരുന്നു.

അവന്നില്ലേ? അവസാനമാണ് അയാൾ പട്ടാളത്തിൽ ഒരോഫീസരായി ചേരുവാൻ തീരുമാനിച്ചതു. പട്ടാളത്തിൽനിന്ന് ബാലചന്ദ്രന്റെ എഴുത്തു കൂടക്കൂടെ വരാറുണ്ട്. അതിൽ "പത്മത്തിന്ന് സുഖംതന്നെയെന്ന് വിശ്വസിക്കുന്നു" എന്നോ "എന്റെ പ്രിയപ്പെട്ട അന്വേഷണം പത്മത്തോടു പറയണം" എന്നോ ഉണ്ടാവാതിരിക്കയില്ല. അയാൾക്കു നല്ലവണ്ണമറിയാം തനിക്കു കത്തെഴുതുന്നതും വായിക്കുന്നതും പത്മം തന്നെയാണെന്ന്. പക്ഷെ മുത്തശ്ശിക്കു അങ്ങിനെയല്ലാതെ എഴുതുവാൻ പാടുണ്ടോ? മാസങ്ങൾ കുറേ കഴിഞ്ഞുപോയി. ആയിടക്കാണ് അയൽപക്കത്തെ നാരായണ മേനവൻ പറഞ്ഞതു: "ദേവനാദപുരം വില്ലേജിലെ ലഫ്ടനന്റ് മി. ബാലചന്ദ്രന്ന്, യുദ്ധരംഗത്തിൽ പ്രദർശിപ്പിച്ച അസാധാരണ ധീരതയ്ക്കും ബുദ്ധിസാമർത്ഥ്യത്തിന്നും വിക്ടോറിയാ ക്രോസ്സ് എന്ന ബഹുമതിമുദ്ര കിട്ടിയ"തായി അയാൾ 'ഹിന്ദു' പേപ്പറിൽ കണ്ടുവെന്നാണ് പറഞ്ഞതു്. കൂടെ അയാളുടെ ഫോട്ടോവുമുണ്ട്. മുത്തശ്ശിക്കും പത്മത്തിന്നുമുള്ള സന്തോഷം പറഞ്ഞറിയിക്കുവാൻ വയ്യ. കടലാസ്സിലുള്ള ചന്ദ്രന്റെ ഫോട്ടോ കണ്ടപ്പോൾ മുത്തശ്ശിയുടെ കണ്ണുകളിൽ സന്തോഷാശ്രുക്കൾ നിറഞ്ഞു. പത്മത്തിന്റെ ഹൃദയത്തിൽ ഒരു കിക്കിളിയും.

* * *

ആഹ്ലാദകരമായ തിരുവോണം! മലയാളികൾക്കൊരു മഹോത്സവമാണ്. തുമ്പപ്പൂവു പറിക്കുന്ന കൊച്ചുകുട്ടികൾ ആഹ്ലാദപ്രമത്തരായി ഓടുന്നതു കാണുവാൻ ഒരു കൌതുകം വേറെ തന്നെയാണ്. എങ്ങും പുഷ്പമയം! ഇന്നലെയാണ് മുത്തശ്ശിക്കു ചന്ദ്രന്റെ കത്തു വന്നതു. ഓണത്തിന്ന് നാട്ടിൽ വരുമെന്നും നിങ്ങളെയെല്ലാം കാണുവാൻ ആഗ്രഹിക്കുന്നുവെന്നുമാണ് ചുരുക്കവിവരം. മദിരാശിയിൽ ഇറങ്ങിയിട്ടുണ്ടത്രേ! തിരുവോണവും ബാലേട്ടനും! പത്മത്തിന്റെ യുവഹൃദയം സന്തോഷംകൊണ്ടു വഴിഞ്ഞൊഴുകി. അവളുടെ ബാലേട്ടൻ വരുമ്പോൾ അവൾക്കെന്തെല്ലാം കൊണ്ടുവരും? മുമ്പത്തെപ്പോലെയായിരിക്കയില്ല. ആൾ കുറേ തടിച്ചുകാണും. മിലിട്ടറി ഉടുപ്പിൽ ബാലേട്ടനെ ഒന്നു നേരിട്ടു കാണുവാൻ അവളുടെ ഹൃദയം വെമ്പിക്കൊണ്ടിരുന്നു. രാവിലെ തന്നെ കുളിച്ചു ഒരു പച്ചസ്സാരിയെടുത്തു ചുററി നെററിയിലൊരു കുങ്കമപ്പൊട്ടും തൊട്ടു. കണ്ണാടയിൽ പ്രതിബിംബിച്ചു കണ്ട അവളുടെ മുഖം ഇന്ന് കുറേക്കൂടി മോഹനമായതുപോലെ അവൾക്കു തോന്നി. അടുക്കളയിൽ മുത്തശ്ശി ഒററക്കേയുള്ളു. മുത്തശ്ശി ഓലന്ന് നുറുക്കുകയാണ്. കുട്ടന്ന് ഓലനാണ് എല്ലാററിലും പ്രിയം. പത്മത്തിന്റെ കുങ്കമപ്പൊട്ടും പച്ചസ്സാരയും കണ്ടപ്പോൾ അവർക്കൊരു പുഞ്ചിരി വന്നു. അടുപ്പിൽ അരി തിളക്കുന്നുണ്ട്. കണ്ടൻ പൂച്ച, യജമാനന്റെ വരവിലുള്ള സന്തോഷത്താലെന്നപോലെ, പത്മത്തിന്റെ കാലിൽ ചുററിക്കൊണ്ടേയിരുന്നു. പത്മം കുടവുമെടുത്തു വെള്ളം കോരുവാൻ പോയി. അവൾക്കൊരു സംശയം: കിണററിൻകരയിലെ നേന്ത്രവാഴത്തയ്യ് കുറേ കൂടി വളൎന്നിട്ടുണ്ടോ എന്നു. അതിന്റെ ഇലകൾ ഇളംകാറേററ് ആടിക്കൊണ്ടിരുന്നു. സന്തോഷകരമായ സ്ത്രീജീവിതത്തിന്നുശേഷം അവൾക്കിതുവരെ ഇത്ര ആഹ്ലാദകരമായ ഒരു ദിവസമുണ്ടായിട്ടില്ല. വെള്ളം കോരി സാരി നേരെയാക്കിയതേയുള്ളു, കോണിക്കൽനിന്നൊരൊച്ച "ടോമി" മുളകയാണ്. അതിനെ തുടർന്ന ഒരാജ്ഞാസ്വരവും. അതേ! അതു അവളുടെ ബാലേട്ടന്റേതായിരുന്നു. നടയിൽക്കൂടി നടന്നുവരികയായിരുന്നു അയാൾ. കൂടെ കെട്ടും പെട്ടിയുമായി ഒരു കൂലിക്കാരനുമുണ്ട്. ശാന്തഗംഭീരമായ മുഖം, അതിന്നൊത്ത ഒരു പൊടിമീശ; ഇസ്ത്രിയുലയാത്ത നീളൻകാലുറയും കോട്ടും. ഓരോ ചുമലിലും മിന്നിത്തിളങ്ങുന്ന ഈരണ്ടു നക്ഷത്ര ചിഹ്നങ്ങൾ. ധീരതയുടെ ചിഹ്നമായ വിക്ടോറിയാ ക്രോസ്സ് ഇടത്തുമാറിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്നു. ഒരു കൊല്ലത്തിന്നുശേഷം അവളുടെ ബാലേട്ടൻ എത്ര വളർന്നുപോയി! അന്നത്തെ ബാലസഹജമായ മുഖം ഇന്ന് പരാക്രമിയായ ഒരു പടയാളിയുടെതായി മാറിയിരിക്കുന്നു. എന്നാലും, എന്നും മാഞ്ഞുപോകാത്ത ആ പുഞ്ചിരി ഇപ്പോഴുമുണ്ട്. ആ കണ്ണുകൾ ആരേയോ തിരയുന്നതുപോലെ ചുററുപാടും നോക്കുന്നുണ്ട്. അതാ! അവരുടെ കണ്ണുകൾ തമ്മിലിടഞ്ഞു. ഒരായിരം വികാരങ്ങളുടെ സംഘട്ടനമായിരുന്നു അതു. പത്മത്തിന്റെ മോഹനനേത്രങ്ങൾ അയാളെ കൂടുതൽ സന്തോഷചകിതനാക്കി. ബോംബുകളുടെയും മിഷ്യൻ ഗണ്ണുകളുടെയും ഒച്ച കേട്ടു തഴമ്പിച്ച ആ കണ്ണങ്ങൾ ഒരോമന സ്വരം കേൾക്കുവാൻ വെമ്പുകയാണ്. അവളുടെ ചുണ്ടുകൾ മെല്ലെയൊന്നു ചലിച്ചു. അവൾ വെള്ളവുമെടുത്തു അടുക്കളയിലേക്കോടി "മുത്തശ്ശി! ബാലേട്ടൻ വന്നു!" അവളുടെ ശ്വാസം നേരെയായി.

* * *

പൂനിലാവിൽ ഒന്നിച്ചിരുന്നു സല്ലപിക്കുമ്പോൾ അവളുടെ പണ്ടത്തെ "ബാലേട്ടൻ" ഇപ്പോൾ അവളെ ഇങ്ങിനെ പറഞ്ഞു കളിയാക്കാറുണ്ട്: "മുത്തശ്ശി! ബാലേട്ടൻ വന്നു!" എന്ന്.

ശുഭം!

## ആക്രമണസേനയുടെ കണ്ണുകൾ



റോന്തിന്നുള്ള പുറപ്പാട്



ആകാശത്തിൽനിന്നെടുത്ത ഫിലിമുകൾ പരിശോധിക്കുന്നു

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.